16
2024
ഏപ്രിൽ
ചൊവ്വ
മേടം 3

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.167 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-167 പേജ് 4. വില 2.00 രൂപ




02 ജനറൽ ആശുപത്രിയിൽ എത്തിയവർക്കു മുന്നിൽ ഭക്ഷ്യമാതൃകയൊരുക്കി ജീവനക്കാർ

03 കേജ്‌രിവാളിന്റെ ഹർജി നേരത്തെ പരിഗണിക്കില്ലെന്ന് സുപ്രീംകോടതി

04 തെരഞ്ഞെടുപ്പുകാലത്ത് ലഹരിവ്യാപനം തടയാൻ ഊർജിതമായി എക്സൈസും പോലീസും

# തീരം സംരക്ഷിക്കും



തിരുവനന്തപുരം : കേരളത്തിന്റെ കടൽത്തീരം സംരക്ഷിക്കാനും മൽസ്യത്തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്താനും സമഗ്ര പദ്ധതി നടപ്പിലാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി തിരുവനന്തപുരം ആറ്റിങ്ങൽ മണ്ഡലത്തിലെ പ്രചരണേ യോഗത്തിൽ പറഞ്ഞു.

തൃശൂർ: കരുവന്നൂർ ബാങ്ക് ക്രമക്കേടിൽ സംസ്ഥാന സർക്കാരിനും സിപിഎമ്മിനുമെതിരേ രൂക്ഷവിമർശനവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ജനങ്ങളുടെ പണം പരസ്യമായി കൊള്ളയടിച്ചെന്നും കരുവന്നൂർ ബാങ്ക് ക്രമക്കേട് ഇടത് കൊള്ളയുടെ ഉദാഹരണമാണെന്നും മോദി ആരോപിച്ചു.

ഇടത് സർക്കാർ അഴിമതിക്ക് പുതിയ മാർഗങ്ങൾ തേടുകയാണ്. കരുവന്നൂർ സഹകണ ബാങ്ക് അഴിമതി ഇതിൻറെ ഏറ്റവും വലിയ തെളിവാണ്. പാവങ്ങൾ അധ്വാനിച്ച പണം സിപിഎം കൊള്ള ചെയ്ത് കാലിയാക്കി. പെൺകുട്ടികളുടെ വിവാഹം മുടക്കി. ആയിരങ്ങളുടെ ജീവിതം കുഴപ്പത്തിലായി. പണമിട്ടാൽ പലിശ കിട്ടും അത്യാവശ്യത്തിനെടുക്കാം എന്ന് കരുതിയവരെയാണ് കബളിപ്പിച്ചതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കുന്നംകുളത്തെ എൻഡിഎയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പൊതുപരിപാടിയിൽ സംസാരിക്കവേയാണ് ഇടത് ഭരണത്തിനെതിരേ അദ്ദേഹം ആഞ്ഞടിച്ചത്. ആലത്തൂർ മണ്ഡലം സ്ഥാനാർഥി ടി.എൻ. സരസുവുമായി കരുവന്നൂർ വിഷയം സംസാരിച്ച കാര്യവും പ്രധാനമന്ത്രി പ്രസംഗത്തിൽ പരാമർശിച്ചു.

പണം നൽകും, കുറ്റക്കാരെ ശിക്ഷിക്കും എന്ന് മൂന്നുവർഷമായി നുണ പറയുകയാണ് മുഖ്യമന്ത്രി. എന്നാൽ, മോദിയാണ് നടപടി എടുത്തത്. തട്ടിപ്പുകാരുടെ 90 കോടി ഇഡി കണ്ടുകെട്ടി. കരുവന്നൂരിൽ വഞ്ചിതരായവർക്ക് പണം തിരിച്ചു നൽകും. അതിന് ഏതറ്റം വരെയും പോകുമെന്നും മോദി ഉറപ്പ് നല്കി. ബിജെപി ഭരണത്തിൽ രാജ്യം വേഗത്തിൽ മുന്നോട്ട് പോകുകയാണെന്നും എൽഡിഎഫും യുഡിഎഫും കേരളത്തെ പിന്നോട്ടടിക്കുകയാണെന്നും എൽഡിഎഫ് കേന്ദ്ര പദ്ധതികൾക്ക് തടസം നിൽക്കുകയാണെന്നും മോദി പറഞ്ഞു.

കോൺഗ്രസിൻറെ വലിയ നേതാവ് യുപിയിലെ സ്വന്തം സീറ്റിൽ മത്സരിക്കാതെ കേരളത്തിലെത്തി. ജയിക്കാൻ നിരോധിത സംഘടനയുമായി കൈകോർക്കും. പക്ഷെ സഹകരണ കൊള്ളയെപ്പറ്റി മിണ്ടാട്ടമില്ലെന്നും രാഹുലിനെ പരാമർശിച്ച് മോദി പറഞ്ഞു.

## ഇറാൻ വിക്ഷേപിച്ച ഡ്രോണുകളും മിസൈലുകളും തകർത്ത് അമേരിക്കൻ സേന

ടെൽ അവീവ്: ഇസ്രായേലിനെ ലക്ഷ്യമിട്ട് ഇറാനിൽ നിന്നും യെമനിൽ നിന്നും അയച്ച 80ലധികം ഡ്രോണുകളും ആറ് ബാലിസ്റ്റിക് മിസൈലുകളും യുഎസ് സേന തകർത്തതായി യുഎസ് സെൻട്രൽ കമാൻഡ്.

ഏപ്രിൽ ഒന്നിന് സിറിയയിലെ എംബസി വളപ്പിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ റവല്യൂഷണറി ഗാർഡ് കമാൻഡർമാർ കൊല്ലപ്പെട്ടതിന് പ്രതികാരമായാണ് ഇറാൻ, ഇസ്രായേൽ പ്രദേശത്ത് ഡ്രോണുകളും മിസൈലുകളും ഉപയോഗിച്ച് ആക്രമണം നടത്തിയത്.

300ലധികം മിസൈലുകളുടെയും ഡ്രോണുകളുടെയും ആക്രമണമാണ് ഇസ്രയേലിന് നേർക്കുണ്ടായത്. എന്നാൽ ഇസ്രായേലിൻറെ അയൺ ഡോം പ്രതിരോധ സംവിധാനവും അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ്, ജോർദാൻ എന്നിവയുടെ സഹായത്തോടെ ഇവ വെടിവച്ചിട്ടതിനാലും ചെറിയ നാശനഷ്ടങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ.

## കർഷകരുടെ കടം ഇന്ത്യാ സഖ്യം എഴുതിത്തള്ളും: രാഹുൽ

പുൽപള്ളി : ഇന്ത്യാ മുന്നണി അധികാരത്തിൽവന്നാൽ രാജ്യത്തെ കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുമെന്നു കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി. നരേന്ദ്ര മോദി സർക്കാർ അതിസമ്പന്നരായവരുടെ 16 ലക്ഷം കോടി രൂപയുടെ കടങ്ങളാണ് എഴുതിത്തള്ളിയത്. എന്നാൽ കഠിനാധ്വാനം ചെയ്യുന്ന കർഷകരുടെ കടങ്ങൾ എഴുതിത്തള്ളാൻ തയാറായില്ല. തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി പുൽപള്ളിയിൽ നടന്ന കർഷക റാലിക്കുശേഷം ജനങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

"മോദി സർക്കാർ കർഷകരോടു കാണിക്കുന്നതു കുറ്റകരമായ അനാസ്ഥയാണ്. വയനാട്ടിലെ മാത്രമല്ല രാജ്യത്തെ മുഴുവൻ കർഷകരും പ്രതിസന്ധിയിലാണ്. കർഷകർക്ക് അവരുടെ അധ്വാനത്തിന്റെ ഫലം ലഭിക്കുന്നില്ല. ഇന്ത്യാ മുന്നണി അധികാരത്തിൽ വന്നാൽ രാജ്യത്തെ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കും. കർഷകർക്കാവശ്യമായ നിയമ പരിരക്ഷ നൽകും" രാഹുൽ പറഞ്ഞു. ഉച്ചയ്ക്ക് 12.30ഓടെ താഴെയങ്ങാടിയിൽ എത്തിയ രാഹുലിനെ നൂറുകണക്കിനു കർഷകരുടെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്നു വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ റാലിയായി ടൗൺ ചുറ്റി അനശ്വര ജങ്ഷനിൽ സ്വീകരണം സമാപിച്ചു.

# കരുവന്നൂരിൽ നിർണായക നീക്കവുമായി ഇഡി

തൃശൂർ: കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പുകേസിൽ നിർണായക നീക്കവുമായി എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് (ഇഡി). കേസിൽ പ്രതികളിൽനിന്നു കണ്ടുകെട്ടിയ 108 കോടി രൂപയുടെ സ്വത്തുക്കൾ നിക്ഷേപകർക്കു നൽകുന്നതിൽ എതിർപ്പില്ലെന്ന് ഇഡി കോടതിയെ അറിയിച്ചു.

കരുവന്നൂർ ബാങ്ക് ക്രമക്കേട് പ്രധാനമന്ത്രി നരേന്ദ്ര മോദി കുന്നംകുളത്ത് തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ പരാമർശിച്ചതിന് പിന്നാലെയാണ് ഇഡിയുടെ പുതിയ നീക്കം.

കരുവന്നൂർ നിക്ഷേപകരിൽ ഒരാൾ നൽകിയ ഹർജിയിലാണ് പിഎംഎൽഎ കോടതിയിൽ ഇഡി നിലപാട് അറിയിച്ചത്. ഇതുസംബന്ധിച്ച സത്യവാങ്ഗ്മൂലം ഇഡി കോടതിയിൽ സമർപ്പിച്ചു. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമത്തിലെ പുതിയ ഭേദഗതി പ്രകാരം പ്രതികളിൽനിന്ന് കണ്ടുകെട്ടിയ പണം നിക്ഷേപകർക്ക് നൽകാൻ അവസരമുണ്ടെന്നും ഇഡി വ്യക്തമാക്കി.

കരുവന്നൂർ ബാങ്കിൽ പണം നിക്ഷേപിച്ച പലർക്കും അവരുടെ പണം തിരികെ ലഭിക്കുന്നില്ലെന്നും 300 കോടിയോളം രൂപയുടെ നഷ്ടമാണ് ബാങ്കിനു സംഭവിച്ചിരിക്കുന്നതെന്നും ഇഡി വ്യക്തമാക്കി.

നേരത്തെ, കരുവന്നൂർ ബാങ്ക് ക്രമക്കേടിൽ സംസ്ഥാന സർക്കാരിനും സിപിഎമ്മിനുമെതിരേ രൂക്ഷ വിമർശനമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉയർത്തിയത്. ജനങ്ങളുടെ പണം പരസ്യമായി കൊള്ളയടിച്ചെന്നും കരുവന്നൂർ ബാങ്ക് ക്രമക്കേട് ഇടത് കൊള്ളയുടെ ഉദാഹരണമാണെന്നും മോദി ആരോപിച്ചു.

ഇടത് സർക്കാർ അഴിമതിക്ക് പുതിയ മാർഗങ്ങൾ തേടുകയാണ്. കരുവന്നൂർ സഹകണ ബാങ്ക് അഴിമതി ഇതിൻറെ ഏറ്റവും വലിയ തെളിവാണ്. പാവങ്ങൾ അധ്വാനിച്ച പണം സിപിഎം കൊള്ള ചെയ്ത് കാലിയാക്കി. പെൺകുട്ടികളുടെ വിവാഹം മുടക്കി. ആയിരങ്ങളുടെ ജീവിതം കുഴപ്പത്തിലായി.

പണമിട്ടാൽ പലിശ കിട്ടും അത്യാവശ്യത്തിനെടുക്കാം എന്ന് കരുതിയവരെയാണ് കബളിപ്പിച്ചതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കുന്നംകുളത്തെ എൻഡിഎയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പൊതുപരിപാടിയിൽ സംസാരിക്കവേയാണ് ഇടത് ഭരണത്തിനെതിരേ അദ്ദേഹം ആഞ്ഞടിച്ചത്. ആലത്തൂർ മണ്ഡലം സ്ഥാനാർഥി ടി.എൻ. സരസുവുമായി കരുവന്നൂർ വിഷയം സംസാരിച്ച കാര്യവും പ്രധാനമന്ത്രി പ്രസംഗത്തിൽ പരാമർശിച്ചു.

പണം നൽകും, കുറ്റക്കാരെ ശിക്ഷിക്കും എന്ന് മൂന്നുവർഷമായി നുണ പറയുകയാണ് മുഖ്യമന്ത്രി. എന്നാൽ, മോദിയാണ് നടപടി എടുത്തത്. തട്ടിപ്പുകാരുടെ 90 കോടി ഇഡി കണ്ടുകെട്ടി. കരുവന്നൂരിൽ വഞ്ചിതരായവർക്ക് പണം തിരിച്ചു നൽകും. അതിന് ഏതറ്റം വരെയും പോകുമെന്നും മോദി ഉറപ്പ് നല്കി.

## മത്സ്യത്തൊഴിലാളിയുടെ തിരോധാനം: പുനരന്വേഷണം വേണമെന്ന്

അമ്പലപ്പുഴ: തോട്ടപ്പള്ളിയിൽനിന്ന് കാണാതായ മത്സ്യത്തൊഴിലാളി സജീവൻറെ തിരോധാനത്തിൽ പുനരന്വേഷണത്തിന് ആവശ്യം ഉയരുന്നു. സജീവൻ ഒഴുക്കിൽപ്പെട്ട് കാണാതായി എന്നായിരുന്നു പോലീസ് കണ്ടെത്തൽ.

സിപിഎം തോട്ടപ്പള്ളി പൂത്തോപ്പ് ബ്രാഞ്ച് സമ്മേളന പ്രതിനിധിയായിരുന്ന ഇയാളെ പാർട്ടിയിലെ വിഭാഗീയതയെത്തുടർന്ന് ചിലർ തട്ടിക്കൊണ്ടു പോയെന്ന ആരോപണം ശരിയല്ലെന്നാണ് അന്വേഷണ സംഘം ഹൈക്കോടതിയിൽ അറിയിച്ചത്.

സജീവനെ കാണാനില്ലെന്ന് ചൂണ്ടിക്കാട്ടി ഭാര്യ സജിത നൽകിയ ഹേബിയസ് ഹർജി ഈ വിശദീകരണം കണക്കിലെടുത്ത് ഡിവിഷൻ ബെഞ്ച് തീർപ്പാക്കി. 2022 സെപ്തംബർ 29 മുതലാണ് സജീവനെ കാണാതായത്. കടലിൽ മീൻപിടിക്കാൻ പോയ സജീവൻ പിന്നീട് തിരികെ വന്നിട്ടില്ല. പാർട്ടിയിലെ വിഭാഗീയത കാരണം സജീവനെ എതിർവിഭാഗം തട്ടിക്കൊണ്ടു പോയെന്ന് സംശയമുണ്ടെന്നും കരിമണൽ ഖനനത്തെ എതിർത്തതോടെ സജീവൻ പാർട്ടിയിലെ ഔദ്യോഗിക വിഭാഗത്തിൻറെ ശത്രുവായെന്നും ഹർജിക്കാരി വാദിച്ചിരുന്നു.

എന്നാൽ, അന്വേഷണത്തിൽ ഈ ആരോപണങ്ങളിൽ കഴമ്പില്ലെന്ന് കണ്ടെത്തിയതായി അന്വേഷണ സംഘം വ്യക്തമാക്കി. ഒഴുക്കിൽപ്പെട്ട് കാണാതായതാണെന്ന് സംശയമുണ്ടെന്നും ഇത്തരത്തിൽ അന്വേഷണം നടക്കുന്നുണ്ടെന്നും പോലീസ് അറിയിച്ചു. തുടർന്നാണ് അന്വേഷണം തുടരാനും എസ്പി മേൽനോട്ടം വഹിക്കാനും നിർദേശിച്ച് ഡിവിഷൻ ബഞ്ച് ഹർജി തീർപ്പാക്കിയത്.

വിവാദമായ കേസിൽ പുനരന്വേഷണം നടത്താൻ തീരുമാനമായി. എന്നാൽ, ഏത് ഏജൻസിയാണ് അന്വേഷണം നടത്തേണ്ടത് എന്നതിൽ അന്തിമ തീരുമാനമായിട്ടില്ല. തെരഞ്ഞെടുപ്പിനുശേഷം ഇതുസംബന്ധച്ച് അന്തിമ തീരുമാനമുണ്ടാകുമെന്നാണ് സൂചന.

### സിഡ്നിയിൽ ആരാധനയ്ക്കിടെ ബിഷപ്പിന് കുത്തേറ്റു

സിഡ്നി: ഓസ്ട്രേലിയയിലെ സിഡ്നിയിൽ ആരാധനയ്ക്കിടെ ബിഷപ്പിന് കുത്തേറ്റു. ബിഷപ് മാർ മാരി ഇമ്മാനുവലിനാണ് കുത്തേറ്റത്. പ്രദേശിക സമയം തിങ്കളാഴ്ച രാത്രിയായിരുന്നു സംഭവം.

ക്രൈസ്റ്റ് ദി ഗുഡ് ഷെപ്പേർഡ് ദേവാലയത്തിലെ ശുശ്രൂഷയ്ക്കിടെയാണ് കറുത്ത വസ്ത്രം ധരിച്ചെത്തിയ ഒരാൾ ബിഷപിനെ ആക്രമിക്കുന്നത്. അക്രമിയെ ന്യൂ സൗത്ത് വെയിൽസ് പോലീസ് അറസ്റ്റു ചെയ്തു. ബിഷപ്പിനു ഗുരുതര പരിക്കുകൾ ഇല്ലെന്ന് അധികൃതർ അറിയിച്ചു.

ആക്രമണത്തിൻറെ കാരണം അറിയില്ലെന്നും അക്രമി ഉപയോഗിച്ച ആയുധം എന്താണെന്ന് വ്യക്തമല്ലെന്നും പോലീസ് പറഞ്ഞു. ബിഷപ്പിനെ കൂടാതെ മറ്റ് നാല് പേർക്ക് കൂടി ആക്രമണത്തിൽ പരിക്കേറ്റതായി ന്യൂ സൗത്ത് വെയിൽസ് ആംബുലൻസ് അറിയിച്ചു.

പരിക്കേറ്റവരെല്ലാം 20നും 70നും ഇടയിൽ പ്രായമുള്ളവരാണ്. എല്ലാവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചതായും ഇതിൽ ഒരാൾക്ക് ഗുരുതരമായി പരിക്കേറ്റതായും അധികൃതർ അറിയിച്ചു.

സിഡ്നിയിലെ ഒരു ഷോപ്പിംഗ് മാളിൽ കത്തിയാക്രമണത്തിൽ ആറ് പേർ കൊല്ലപ്പെട്ടതിനു ദിവസങ്ങൾക്കു ശേഷമാണ് ദേവാലയത്തിൽ ആക്രമണമുണ്ടാകുന്നത്.

### അബ്ദുൾ റഹീമിൻെറ മോചനം

## ദയാധനം തയാറെന്ന് സൗദി ക്രിമിനൽ കോടതിയെ അറിയിച്ചു

റിയാദ്: സൗദി അറേബ്യയിൽ വധശിക്ഷയ്ക്കു വിധിക്കപ്പെട്ട് 19 വർഷമായി ജയിലിൽ കഴിയുന്ന കോഴിക്കോട് കോടന്പുഴ സ്വദേശി അബ്ദുൾ റഹീമിൻറെ മോചനവുമായി ബന്ധപ്പെട്ട ദയാധനം തയാറെന്ന് സൗദി ക്രിമിനൽ കോടതിയിൽ രേഖാമൂലം അറിയിച്ചു. റഹീമിൻറെ അഭിഭാഷകനാണ് ദയാധനം തയാറെന്ന് കോടതിയെ അറിയിച്ചത്.

റഹീമിൻറെ കുടുംബം ചുമതലപ്പെടുത്തിയ സാമൂഹിക പ്രവർത്തകനും ഹാജരായി. എപ്രിൽ 16നുള്ളിൽ ദയാധനമായി സൗദി ബാലൻറെ കുടുംബത്തിനു നൽകേണ്ട 34 കോടി രൂപ സമാഹരിച്ചിരുന്നു. ഈ തുക ഇന്ത്യൻ എംബസി സൗദി കോടതി മുഖേന സൗദി ബാലൻറെ കുടുംബത്തിനു കൈമാറുന്നത്. 2006ൽ ഹൗസ് ഡ്രൈവർ വീസയിൽ സൗദിയിലെത്തിയ അബ്ദുൾ റഹീം സ്പോൺസറുടെ മകൻറെ ദാരുണ മരണവുമായി ബന്ധപ്പെട്ടാണ് വധശിക്ഷയ്ക്കു വിധിക്കപ്പെട്ടത്. കഴുത്തിനു താഴേക്ക് ചലനശേഷി നഷ്ടപ്പെട്ട സ്പോൺസറുടെ മകൻ ഫായിസിനെ പരിചരിക്കുന്ന ജോലിയായിരുന്നു അബ്ദുൾ റഹീമിന്.

ഫായിസിനു ഭക്ഷണവും വെള്ളവുമടക്കം നൽകിയിരുന്നത് കഴുത്തിൽ ഘടിപ്പിച്ച പ്രത്യേക ഉപകരണം വഴിയായിരുന്നു. കുട്ടിയെ ഇടയ്ക്കു പുറത്തുകൊണ്ടു പോകേണ്ട ചുമതലയും അബ്ദുൾ റഹീമിനായിരുന്നു. കാറിൽ കൊണ്ടുപോകുന്നതിനിടെ അബ്ദുൾ റഹീമിൻറെ കൈ അബദ്ധത്തിൽ തട്ടി കഴുത്തിൽ ഘടിപ്പിച്ച ഉപകരണത്തിൻറെ പ്രവർത്തനം നിലച്ച് കുട്ടി മരണമടയുകയായിരുന്നു.

സംഭവത്തെത്തുടർന്ന് കൊലപാതക കുറ്റം ചുമത്തി റിയാദിലെ കോടതി വധശിക്ഷ വിധിച്ചു. അപ്പീൽ കോടതികളും വധശിക്ഷ ശരിവച്ചിരുന്നു. ഇതിനിടെ കുട്ടിയുടെ കുടുംബവുമായി നിരവധി തവണ ഉന്നത തലത്തിൽ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും മാപ്പു നൽകാൻ അവർ തയാറായിരുന്നില്ല.

വർഷങ്ങൾ നീണ്ടുപോയതിനൊടുവിൽ 34 കോടി രൂപ ദയാധനം നൽകിയാൽ അബ്ദുൾ റഹീമിനു മാപ്പു നൽകാമെന്ന് ഫായിസിൻറെ കുടുംബം അറിയിച്ചതോടെയാണു ധനസമാഹരണം ആരംഭിച്ചത്.

## അർത്തുങ്കൽ ഹാർബർ നിർമാണം അട്ടിമറിക്കാൻ ശ്രമം

ചേർത്തല: അർത്തുങ്കൽ ഹാർബർ നിർമാണത്തിനായി കേന്ദ്ര സംസ്ഥാന വിഹിതമായി അനുവദിച്ച 150.73 കോടി രൂപയുടെ പദ്ധതി നിയമകുരുക്കിൽപ്പെടുത്തി മനഃപൂർവം അട്ടിമറിക്കാൻ ശ്രമിക്കുന്നത് അന്വേഷിക്കണമെന്ന് കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ യോഗം ആവശ്യപ്പെട്ടു.

20 വർഷം മുമ്പ് നിർമാണം ആരംഭിച്ച ഹാർബർ ഇപ്പോഴും പൂർത്തിയാകാത്തതിൽ ജനപ്രതിനിധികൾ കാട്ടുന്നത് തികഞ്ഞ അലംഭാവമാണ്. മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനകരമായ രീതിയിൽ ആദ്യഘട്ടം പുലിമുട്ട് നിർമാണം ആരംഭിക്കേണ്ട പദ്ധതിയിൽ ആദ്യം ഐസ് പ്ലാൻറും ടോയ്‌ലറ്റ് സമുച്ചയവും നിർമിതിയിൽ ഉൾപ്പെടുത്തുകയും ടെൻണ്ടർ നടപടിക്രമങ്ങളുടെ ഉപാധികളും നിബന്ധനകളും പാലിക്കാത്ത കാരാറുകാരെ ഉൾപ്പെടുത്തി ടെൻണ്ടർ പൊട്ടിക്കുകയും കുറഞ്ഞ തുകയേക്കാൾ കൂടുതൽ തുകയുടെ കരാറുകാരന് കരാർ കൊടുത്ത് നിയമലംഘനം നടത്തിയ ഹാർബർ എൻജിനിയറിംഗ് വകുപ്പ് നടത്തിയത് ഗുരുതരമായ വിഴ്ചയാണ്.

ഇതുസംബന്ധിച്ച് ഹാർബർ എൻജിനിയറിംഗ് വകുപ്പിനു പരാതി കൊടുക്കാനും യോഗം തീരുമാനിച്ചു.

ജില്ലയിലെ ഏറ്റവും വലിയ ഹാർബറിൻറെ നിർമാണം അനന്തമായി വൈകുന്നത് മൂലം പുന്നപ്ര മുതൽ അന്ധകാരനഴി വരെയുള്ള ആയിരക്കണക്കിന് വള്ളം വല ഉടമകൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടവും മത്സ്യത്തൊഴിലാളികൾ തൊഴിൽ മേഖലയിൽ നേരിടുന്ന മാനസിക സംഘർഷവും തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുമെന്നും യോഗം വിലയിരുത്തി. ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് ജാക്സൺ പൊള്ളയിൽ, ജില്ലാ പ്രസിഡൻറ് രാജു ആശ്രയം എന്നിവർ പ്രസംഗിച്ചു.

# മംഗളാദേവിയിൽ ചിത്രപൗർണമി: സുരക്ഷിത ദർശനം ഒരുക്കും

ഇടുക്കി: ഈ വർഷത്തെ മംഗളാദേവി ചിത്രപൗർണമി ഉത്സവത്തിൽ പങ്കെടുക്കാനെത്തുന്നവർക്ക് സുരക്ഷിത ദർശനത്തിനായി എല്ലാ സൗകര്യങ്ങളുമൊരുക്കുമെന്ന് ജില്ലാ കളക്ടർ ഷീബ ജോർജ്.

ഇടുക്കി, തേനി ജില്ലാ ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ കുമളി രാജീവ് ഗാന്ധി ഓഡിറ്റോറിയത്തിൽ ചേർന്ന അന്തർസംസ്ഥാന ജില്ലാതല യോഗത്തിൽ സംസാരിക്കുകയായിരുന്നു കളക്ടർ. ഉത്സവ ദിവസമായ 23ന് പുലർച്ചെ ആറു മുതൽ ജനങ്ങൾക്ക് പ്രവേശനം അനുവദിക്കും.

പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രത്തിൽ ഉത്സവത്തോടനുബന്ധിച്ച് വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയ സജ്ജീകരണങ്ങൾ ജില്ലാ കളക്ടർ ഷീബ ജോർജിൻറെയും തേനി ജില്ലാ കളക്ടർ ആർ.വി. ഷാജീവനയുടെയും നേതൃത്വത്തിൽ വിലയിരുത്തി.

രാവിലെ നാലു മുതൽ ഇരു സംസ്ഥാനങ്ങളിലെയും പൂജാരിമാർ, സഹായികൾ എന്നിവരെ ക്ഷേത്രത്തിലേക്കു കടത്തിവിടും.

തുടർന്ന് ട്രാക്ടറുകളിൽ ഭക്ഷണവും എത്തിക്കും. ഓരോ ട്രാക്ടറുകളിലും ആറുപേരിൽ കൂടുതൽ ആളുകളെ അനുവദിക്കില്ല. 18 വയസിൽ താഴെയുള്ള കുട്ടികളെയും അനുവദിക്കില്ല. ഉച്ചയ്ക്ക് 2.30നുശേഷം ആരെയും മലമുകളിലേക്ക് കടത്തിവിടില്ലെന്നും വൈകുന്നേരം 5.30നുശേഷം ക്ഷേത്രപരിസരത്ത് ആരെയും തുടരാൻ അനുവദിക്കില്ലെന്നും കളക്ടർ പറഞ്ഞു.

ആർടിഒ നിഷ്കർഷിക്കുന്ന തുക മാത്രമേ ട്രിപ്പ് വാഹനങ്ങൾ ഭക്തരിൽനിന്നും ഈടാക്കാൻ പാടുള്ളൂ. ഡിസ്പോസബിൾ പാത്രങ്ങളിൽ കുടിവെള്ളമോ മറ്റു ഭക്ഷണ സാധനങ്ങളോ ക്ഷേത്രപരിസരത്തേക്ക് കൊണ്ടുപോകാൻ അനുവദിക്കില്ല. ഓഫ് റോഡ് യാത്രയ്ക്ക് അനുയോജ്യമായ നാലുചക്ര വാഹനങ്ങൾ മാത്രമേ അനുവദിക്കൂ. ഇരുചക്ര വാഹനങ്ങൾ പാടില്ല.

ക്ഷേത്രത്തിലേക്ക് പോകാനുള്ള വാഹനങ്ങൾക്ക് ആർടിഒ പാസ് നൽകും. കുമളി ബസ് സ്റ്റാൻഡിൽ 20, 21, 22 തീയതികളിൽ ഇരു സംസ്ഥാനങ്ങളുടെയും ആർടിഒമാരുടെയും പോലീസിൻറെയും നേതൃത്വത്തിൽ ഫിറ്റ്നസ് പരിശോധിച്ച് പാസ് നൽകും.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സ്റ്റിക്കർ വാഹനത്തിൽ പതിപ്പിക്കണം. ഉത്സവദിവസം വാഹനങ്ങളിൽ അമിതമായി ആളെ കയറ്റാൻ അനുവദിക്കില്ല. കുമളി ബസ് സ്റ്റാൻഡ്, അമലാംബിക സ്കൂൾ, കൊക്കരകണ്ടം എന്നിവിടങ്ങളിൽ ചെക്ക് പോസ്റ്റ് ഏർപ്പെടുത്തി വാഹനങ്ങൾ പരിശോധിക്കും.

# പുളിങ്കുന്ന് പുത്തൻതോട് പാലം നിർമാണം വൈകുന്നു

മങ്കൊമ്പ്: പുളിങ്കുന്ന് പുത്തൻതോടിനു കുറുകെ നിർമിക്കുന്ന പാലത്തിൻറെ നിർമാണജോലികൾ മാസങ്ങളായി നിലച്ചതിനെത്തുടർന്ന് പഞ്ചായത്ത് അധികൃതർ കോടതിയെ സമീപിക്കുന്നു. പഞ്ചായത്തിലെ ആറ്, ഏഴ് വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പഞ്ചായത്ത് കാര്യാലയത്തിനു സമീപത്തെ പാലത്തിൻറെ നിർമാണജോലികൾ മുടങ്ങിയിട്ട് മാസങ്ങളായിരുന്നു.

നാട്ടുകാരുടെ പരാതികളെത്തുടർന്ന് പാലത്തിൻറെ നിർമാണജോലികൾ ആരംഭിച്ചെങ്കിലും പാതിവഴിയിൽ മുടങ്ങുകയായിരുന്നു. പാലം നിർമാണത്തിനായി തോടിനു കുറുകെ ബണ്ടു നിർമിച്ചിരിക്കുന്നതിനാൽ നാട്ടുകാർ ഏറെനാളായി ദുരിതത്തിലാണ്. ഇതോടെ നീരൊഴുക്കു നിലച്ച തോട്ടിലെ ജലം മലിനമായി. പുഞ്ചകൃഷിയുടെ വിളവെടുപ്പു സമയമായതിനാൽ ഗതാഗതതടസവും നാട്ടുകാരെ വലയ്ക്കുന്നു. നീരൊഴുക്കു നിലച്ച തോട്ടിൽ പോളയും കടകലും നിറഞ്ഞു. മാലിന്യം നിറഞ്ഞ വെള്ളത്തിൽ കാൽകഴുകാൻ പോലും പറ്റാത്ത സാഹചര്യമാണുള്ളത്. പ്രദേശത്തു സാംക്രമികരോഗങ്ങളും പടരുന്നുണ്ടെന്നു നാട്ടുകാർ പറയുന്നു.

പാലം പണികൾ നിലച്ചതോടെ നാട്ടുകാർ പ്രതിഷേധപരിപാടികളുമായി രംഗത്തെത്തിയിരുന്നെങ്കിലും ഫലമുണ്ടാകാതെ വന്നതോടെയാണ് പഞ്ചായത്ത് കോടതിയെ സമീപിച്ചത്.

മൈനർ ഇറിഗേഷൻ വകുപ്പിൻറെയും ഉദ്യോഗസ്ഥരുടെയും അനാസ്ഥയാണ് നിർമാണജോലികൾ വൈകിപ്പിക്കുന്നതെന്നാണ് പഞ്ചായത്ത് അധികൃതരുടെ വാദം. ഇതിനെതിരേ ജലസേചനമന്ത്രി, ഇറിഗേഷൻ ചീഫ് എൻജിനിയർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, ചെറുകിട ജലസേചനവിഭാഗം എക്സിക്യുട്ടീവ് എൻജിനിയർ എന്നിവർക്കു രേഖാമൂലം പരാതി നൽകിയിരുന്നു. എന്നാൽ, പരാതിയിലും കാര്യമായ നടപടികളൊന്നും ഉണ്ടാവാത്ത സാഹചര്യത്തിലാണ് പഞ്ചായത്തംഗവും മുൻ വൈസ് പ്രസിഡൻറുമായ തങ്കച്ചൻ വാഴച്ചിറ, സെക്രട്ടറി ആഷ്‌ലി നായർ എന്നിവർ കോടതിയെ സമീപിച്ചത്.

ജലവിഭവവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ചീഫ് എൻജിനിയർ, അസിസ്റ്റൻറ് എക്സിക്യുട്ടീവ് എൻജിനിയർ, അസിസ്റ്റൻറ് എൻജിനിയർ, കരാറുകാരൻ എന്നിവരെ എതിർകക്ഷികളാക്കിയാണ് ഹർജി. 2022 ജനുവരിയിലാണ് നാട്ടുകാരുടെ നിരന്തര സമരങ്ങളെ തുടർന്ന പാലം നിർമാണത്തിനായി 3.33 കോടി രൂപ അനുവദിച്ചത്.

വെളിയനാട്, കാവാലം പഞ്ചായത്തുകളുടെ പ്രദേശത്തെ ജനങ്ങൾക്കടക്കം പുളിങ്കുന്നിലേക്കും അവിടുന്ന് സമീപ നഗരപ്രദേശങ്ങളിലേക്കുമെല്ലാം എത്താനുള്ള മാർഗമായിരുന്നു ഈ പാലം.

കർഷർ, തൊഴിലാളികൾ, താലൂക്ക് ആശുപത്രിയിലേക്കെത്തുന്ന രോഗികൾ, ഉദ്യോഗസ്ഥർ തുടങ്ങി നൂറുകണക്കിനാളുകളാണ് പാലത്തെ ആശ്രയിച്ചിരുന്നത്. വാഹനങ്ങൾ കൂടി കടന്നുപോകുന്ന തരത്തിലാണ് പാലം പുനർനിർമിക്കുന്നത്.

# കനത്ത ചൂടിൽ മരച്ചീനി ഉണങ്ങുന്നു; കൃഷി ഉപേക്ഷിക്കാനൊരുങ്ങി കർഷകർ

ഉപ്പുതറ: വേനൽ ചൂട് ശക്തമായതോടെ കാർഷികമേഖല വറുതിയിലാണ്. നാണ്യവിളകൾക്കൊപ്പം തന്നാണ്ട് വിളയായ മരച്ചീനിയും നാശത്തിൻറെ വക്കിലാണ്. കുടിവെള്ളം കിട്ടാക്കനിയായതിനു പിന്നാലെയാണ് കർഷകരുടെ നെഞ്ചിടിപ്പുയർത്തി വേനൽ ചൂടുയർന്നത്.

വരുന്ന ഓണക്കാലം ലക്ഷ്യമിട്ട് ഇറക്കുന്ന കുംഭത്തിലെ കപ്പക്കൃഷിക്കാണ് ഏറ്റവും കൂടുതൽ തിരിച്ചടി നേരിട്ടിരിക്കുന്നത്. സാധാരണ കുംഭത്തിൽ മഴ ലഭിക്കാറുള്ളതാണെങ്കിലും ഈ വർഷം അതുണ്ടായില്ല. മീനമാസം തീർന്നിട്ടും മഴലഭിച്ചിട്ടില്ല. ഇട്ട കപ്പത്തണ്ടുകൾ വെള്ളം ഒഴിച്ച് കിളിർപ്പിച്ചെങ്കിലും തുടർന്നു ജലസേചനം നടത്താൻ സൗകര്യം ഇല്ലാത്തതിനാൽ ഭൂരിഭാഗവും ഉണങ്ങി നശിച്ചു. ഈ നിലയിൽ മഴ പെയ്യാതിരുന്നാൽ നിലവിൽ ഉള്ളതും കൂടി നശിക്കും.

വിളവാകാറായ കപ്പകൾ ചൂടിൻറെ കാഠിന്യം കാരണം ഉണങ്ങി ഉപയോഗശൂന്യമായി തീരുകയുമാണ്. വിളവാകാത്തതിനാൽ വിൽക്കാനും കഴിയില്ല. മരച്ചീനിക്കൃഷി നടത്തുന്നവരിൽ ഭൂരിഭാഗവും ഭൂമി പാട്ടത്തിനെടുത്താണ് കൃഷിയിറക്കുന്നത്. കാലാവസ്ഥ പ്രതിസന്ധി സൃഷ്ടിച്ചതോടെ വലിയ നഷ്ടമാണ് കർഷകർക്കുണ്ടായിരിക്കുന്നത്.

പാട്ടപ്പണംപോലും നൽകാൻ കഴിയാത്ത അവസ്ഥയിലാണ്.ഇത്തരത്തിലുള്ള കാലാവസ്ഥ ആദ്യമാണെന്നു വർഷങ്ങളായി മരച്ചീനിക്കൃഷി നടത്തുന്ന ഉപ്പുതറ ഒറ്റമരം സ്വദേശി തിരുമല പറയുന്നു .

കാലാവസ്ഥാ വ്യതിയാനം നൂറുകണക്കിന് കപ്പക്കർഷകരെയാണ് നഷ്ടത്തിലാക്കിയിരിക്കുന്നത്. ഇപ്പോൾ ഒരു കിലോ കപ്പക്ക് 40 രൂപയാണ് വിപണിയിൽ വില. വരും വർഷമിത് ഇരട്ടിയിലധികമാകാനും ഇടയുണ്ട്. കാലാവസ്ഥാ വ്യതിയാനം കാരണം നഷ്ടമായ കപ്പകൃഷി പലരും ഉപേക്ഷിക്കുന്ന അവസ്ഥയിലാണ്.

# ചിന്താ ജെറോമിനെ കാറിടിച്ചു പരിക്കേൽപ്പിച്ചെന്ന പരാതിയിൽ കേസെടുത്തു

കൊല്ലം: ചാനൽ ചർച്ച കഴിഞ്ഞ് മടങ്ങുന്നതിനിടെ, സിപിഎം സംസ്ഥാന സമിതി അംഗം ചിന്താ ജെറോമിനെ കാറിടിച്ചു പരിക്കേൽപ്പിച്ചെന്ന പരാതിയിൽ യൂത്ത് കോൺഗ്രസ്, കെഎസ്‌യു പ്രവത്തകർക്കെതിരേ കേസെടുത്തു. കൊല്ലം വെസ്റ്റ് പൊലീസാണ് കേസെടുത്തത്.

യൂത്ത് കോൺഗ്രസ് പ്രവർത്തകൻ സെയ്ദലി, കെഎസ്‌യു ജില്ലാ വൈസ് പ്രസിഡൻറ് ഫൈസൽ എന്നിവർക്കെതിരേ വധശ്രമം, ഗൂഢാലോചന, അസഭ്യം പറയൽ, ഭീഷണിപ്പെടുത്തൽ തുടങ്ങിയ കുറ്റങ്ങൾ ചുമത്തിയാണ് കേസ്. സെയ്ദലി മനപൂർവം കാർ പിന്നോട്ടെടുത്ത് ഇടിപ്പിച്ചെന്നും ഫൈസൽ അസഭ്യം പറഞ്ഞ് ഭീഷണിപ്പെടുത്തിയെന്നുമാണ് പരാതി.

അതേസമയം, കാർ പിന്നോട്ടെടുത്തപ്പോൾ അബദ്ധത്തിൽ ചിന്തയുടെ ദേഹത്ത് മുട്ടിയതാണെന്നാണ് ആരോപണവിധേയരുടെ വിശദീകരണം.

തിരുമുല്ലവാരത്ത് ചാനൽ ചർച്ച കഴിഞ്ഞ് മടങ്ങുമ്പോഴായിരുന്നു സംഭവം. ചിന്താ ജെറോം എൻഎസ് സഹകരണ ആശുപത്രിയിൽ ചികിൽസയിലാണ്.

ചാനൽ ചർച്ചയ്ക്കിടെ കോൺഗ്രസ്സിപിഎം പ്രവർത്തകർ തമ്മിലുണ്ടായ വാക്കേറ്റം സംഘർഷത്തിൻറെ വക്കിൽ എത്തിയിരുന്നു. മനപൂർവം കാർ ഇടിപ്പിച്ചതാണെന്ന് സിപിഎംഡിവൈഎഫ്ഐ പ്രവർത്തകർ ആരോപിക്കുമ്പോൾ കാർ അറിയാതെ തട്ടിയതാണെന്നു ചിന്ത തന്നെ ആദ്യം പറഞ്ഞിരുന്നു എന്നാണ് കോൺഗ്രസ് പ്രവർത്തകരുടെ വാദം.

# കത്തിക്കുത്തിൽ രണ്ടു പേർക്കു പരിക്ക്; പ്രതി പിടിയിൽ

മാന്നാർ: മുൻ വൈരാഗ്യത്തിൻറെ പേരിലുണ്ടായ തർക്കത്തിൽ രണ്ടു പേർക്കു കുത്തേറ്റു. സംഭവത്തിൽ പ്രതിയെ പുളിക്കീഴ് പോലീസ് അറസ്റ്റ് ചെയ്തു. പരുമല പീടികയ്ക്കൽ കിഴക്കേതിൽ മുഹമ്മദ് ഹുസൈ(38)നെയാണ് അറസ്റ്റ് ചെയ്തത്. മാന്നാർ പാവുക്കര സ്വദേശികളായ നാദിർഷാ, രാഹുൽ എന്നിവരെ മാരകമായി കുത്തി പരിക്കേൽപ്പിച്ച കേസിലാണ് അറസ്റ്റ്. ഇല്ലിമല പാലത്തിനു സമീപം അൻസാർ എന്നയാളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ചിക്കൻ സെൻററിനു മുമ്പിൽ കഴിഞ്ഞദിവസം രാത്രി പത്തരയോടെയായിരുന്നു സംഭവം.

ചിക്കൻ സെൻററിലെ മിനി ലോറിയുടെ ഡ്രൈവറാണ് പിടിയിലായ മുഹമ്മദ് ഹുസൈൻ. അക്രമണത്തിൽ പരിക്കേറ്റ നാദിർഷ, രാഹുൽ എന്നിവർ മുമ്പ് ചിക്കൻ സെൻററിൽ ഡ്രൈവർമാരായി ജോലി ചെയ്തിരുന്നവരാണ്. ഇവരെ ഒഴിവാക്കി മുഹമ്മദ് ഹുസൈൻ ജോലിയിൽ കയറിപ്പറ്റിയതിനെത്തുടർന്ന് ഉടലെടുത്ത വൈരാഗ്യമാണ് കത്തിക്കുത്തിൽ കലാശിച്ചത്. നാദിർഷയും രാഹുലും സുഹൃത്ത് റിൻഷാദും വെള്ളിയാഴ്ച രാത്രി പത്തരയോടെ ചിക്കൻ കടയിൽ എത്തി ഉടമയായ അൻസാറുമായി വാക്കേറ്റത്തിലും തർക്കത്തിലും ഏർപ്പെട്ടു. ഇതിനിടെ സ്ഥലത്തെത്തിയ മുഹമ്മദ് ഹുസൈൻ തർക്കത്തിൽ ഇടപെടുകയും ഇരുവരെയും കത്തി ഉപയോഗിച്ച് കഴുത്തിലും തലയിലും കുത്തിപ്പരിക്കേല്പിക്കുകയായിരുന്നു.സംഭവശേഷം സ്ഥലത്തുനിന്നും രക്ഷപ്പെട്ട മുഹമ്മദ് ഹുസൈനെ വീടിനു സമീപത്തുനിന്നുമാണ് പൊലീസ് അറസ്റ്റ് ചെയ്തത്. ഗുരുതര പരിക്കേറ്റ ഇരുവരും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പോലീസ് പ്രതിയുമായി സംഭവസ്ഥലത്ത് എത്തി തെളിവെടുപ്പ് നടത്തി. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ജനറൽ ആശുപത്രിയിൽ എത്തിയവർക്കു മുന്നിൽ ഭക്ഷ്യമാതൃകയൊരുക്കി ജീവനക്കാർ

ആലപ്പുഴ: ജനറൽ ആശുപത്രിയിൽ കഴിഞ്ഞദിവസം എത്തിയവർ വിവിധ ഭക്ഷ്യവിഭവങ്ങൾ കണ്ട് കൗതുകം പൂണ്ടു. ചെമ്പരത്തി ജ്യൂസ്, കറിവേപ്പില ചമ്മന്തി, റാഗി അട, ഹെൽത്തി പുട്ട്, മുളപ്പിച്ച ചെറുപയറും കാരറ്റുമൊക്കെ ഉപയോഗിച്ചുണ്ടാക്കിയ ഹെൽത്തി സാലഡ്, ഒരാൾക്ക് ദൈനംദിന ആവശ്യമുള്ള കലോറി അടങ്ങിയ ഭക്ഷണം... അങ്ങനെ ആരോഗ്യകരമായ ജീവിതത്തിനാവശ്യമായ നിരവധി ഭക്ഷണസാധനങ്ങൾ.

ഇതിൻറെ പ്രദർശനം ഒരുക്കിയത് ഡോക്ടർമാരും നഴ്സുമാരും മറ്റു ജീവനക്കാരും നഴ്സിംഗ് വിദ്യാർഥികളും ചേർന്നായിരുന്നു. ഭക്ഷ്യവിഭവങ്ങളൊരുക്കി മേശയ്ക്ക് ചുറ്റുമായി ജീവനക്കാർ നിന്നപ്പോൾ ആശുപത്രിയിൽ എത്തിയവർ രുചിച്ചു നോക്കിയും ഉണ്ടാക്കുന്നവിധം ചോദിച്ചു മനസിലാക്കിയുമാണ് മടങ്ങിയത്. എൻറെ ആരോഗ്യം, എൻറെ അവകാശം എന്ന ലോകാരോഗ്യസംഘടനയുടെ ഈ വർഷത്തെ മുദ്രാവാക്യം പ്രമേയമാക്കി ലോകാരോഗ്യദിനാചരണ പരിപാടിയുടെ ഭാഗമായാണ് ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ആർ. സന്ധ്യ നേതൃത്വത്തിൽ പരിപാടി സംഘടിപ്പിച്ചത്.

കൂടാതെ ആശുപത്രിയിൽ എത്തിയവർക്ക് പ്രത്യേക പരിശോധന, ഓട്ടോ ഡ്രൈവർമാർക്കായി അടിസ്ഥാന ജീവിത പിന്തുണ പരിശീലനം, പോസ്റ്റർ പ്രദർശന മത്സരം, നഴ്സിംഗ് വിദ്യാർഥികൾക്കായി ക്വിസ് മത്സരവും നടത്തി. ഡിഎംഒ ഡോ. ജമുന വർഗീസ് ഉദ്ഘാടനം നിർവഹിച്ചു. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. സന്ധ്യ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡിഎംഒ ഡോ. അനു വർഗീസ് വിഷയാവതരണം നടത്തി. ഡോ. ആശ. എം, ഡോ. പ്രിയദർശൻ സി.പി., ഡോ. സംഗീത ജോസഫ്, ഡോ. ലീന, ഡോ. അനുപമ.ആർ., ജയ കെ.കെ., പീറ്റർ, പ്രമീള, ബെന്നി അലോഷ്യസ് എന്നിവർ പ്രസംഗിച്ചു.

# റോഡ് പൊളിച്ചിട്ട് മൂന്നുമാസം; ദുരിതത്തിലായി നാട്ടുകാർ

അമ്പലപ്പുഴ: ഓടനിർമാണത്തിനായി റോഡ് പൊളിച്ചു. മൂന്നുമാസം കഴിഞ്ഞിട്ടും നടക്കാൻ പോലും കഴിയാതെ ദുരിതത്തിലായ നാട്ടുകാർ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനൊരുങ്ങുന്നു. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് ആറാം വാർഡ് നീർക്കുന്നം എസ്എൻ കവല കിഴക്ക് ഗുരുകുലം എച്ച്ഐഎൽപിഎസ് റോഡിനിരുവശവുമുള്ള കുടുംബങ്ങളാണ് യാത്രാ ദുരിതത്തിൽ വലയുന്നത്. എസ്എൻ കവല കഞ്ഞിപ്പാടം, ഇജാബ റോഡുകളെ ബന്ധിപ്പിക്കുന്ന റോഡിനാണ് ഈ ദുരവസ്ഥ. രണ്ടു വാർഡുകളിലായി ഏകദേശം 800 കുടുംബങ്ങളാണ് ഈ റോഡ് ഉപയോഗിക്കുന്നത്.

കഴിഞ്ഞ കുറേ വർഷമായി തകർന്നു കിടക്കുന്ന റോഡിൻറെ നവീകരണത്തിൻറെ ഭാഗമായാണ് ഓടനിർമാണം ആരംഭിച്ചത്. മൂന്നുമാസം മുൻപ് ഓട നിർമിക്കാനായി റോഡ് പൊളിച്ചപ്പോൾ പൈപ്പ് ലൈൻ പൊട്ടി കുടിവെള്ളം വൻതോതിൽ ദിവസങ്ങളോളം പാഴായിരുന്നു.

ഇതോടെ ഓടനിർമാണവും നിലച്ചു. ഇപ്പോൾ കാൽനട യാത്ര പോലും ചെയ്യാൻ കഴിയാത്ത തരത്തിലായി റോഡ്. രാത്രികാലങ്ങളിലുൾപ്പെടെ ഇരുചക്രവാഹനക്കാരും കാൽനടയാത്രക്കാരും ഈ കുഴിയിൽ വീണു പരിക്കേൽക്കുന്നത് നിത്യസംഭവമാണെന്നാണ് നാട്ടുകാർ പറയുന്നത്. സമീപത്തെ നിലം നികത്താൻ നാട്ടുകാർ അനുവദിച്ചാലേ ഓട നിർമാണം പുനഃരാരംഭിക്കൂ എന്നാണ് പഞ്ചായത്ത് പ്രസിഡൻറ് അറിയിച്ചതെന്ന് നാട്ടുകാർ പറയുന്നു.

നിലം നികത്തലിനെതിരേ നിലവിൽ നാട്ടുകാർ പരാതി നൽകിയിരിക്കുകയാണ്. സമീപത്തെ മസ്ജിദ്, മദ്രസ, സ്കൂൾ എന്നിവിടങ്ങളിലേക്കുള്ള ഏക യാത്രാ മാർഗമാണിത്. ഓടയ്ക്കു വേണ്ടി റോഡ് പൊളിച്ചിട്ടിരിക്കുന്നതിനാൽ സമീപത്തെ ഒരു കുടുംബത്തിന് വീട്ടിൽനിന്ന് പുറത്തിറങ്ങാനും കഴിയാത്ത സ്ഥിതിയാണ്.

15 ദിവസത്തിനകം ഓട നിർമാണം പൂർത്തിയാക്കുമെന്ന ഉറപ്പിൽ പൊളിച്ച റോഡാണ് ഈയവസ്ഥയിൽ മൂന്നു മാസമായി തകർന്നു കിടക്കുന്നത്. തങ്ങളുടെ യാത്രാദുരിതത്തിനു പരിഹാരം കാണാത്തതിൽ പ്രതിഷേധിച്ച് ലോക്സഭാ തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനാണ് ഒന്നടങ്കം തീരുമാനമെന്ന് നാട്ടുകാർ പറഞ്ഞു.

## ടിപ്പർ ലോറിയിൽനിന്ന് ചെമ്മണ്ണ് തെറിച്ചുവീണു; അപകടം ഒഴിവായി

എടത്വ: ഓടിക്കൊണ്ടിരിക്കുന്ന ടിപ്പർ ലോറിയിൽനിന്ന് ചെമ്മണ്ണ് തെറിച്ചുവീണു. തിരക്കേറിയ പാതയാണെങ്കിലും തൊട്ടുപിന്നിൽ വാഹനങ്ങൾ ഇല്ലാതിരുന്നതിനാൽ അപകടം ഒഴിവായി. എടത്വതകഴി സംസ്ഥാനപാതയിൽ ഇന്നലെ വൈകിട്ട് അഞ്ചിന് പച്ച ജംഗ്ഷനിലാണ് ലോറിയിൽനിന്ന് റോഡിലേക്ക് ചെമ്മൺ അടർന്നു വീണത്.

ടിപ്പർ ലോറിയിൽ കയറ്റാവുന്നതിലും അമിത ലോഡ് നിറച്ചാണ് സർവീസ് നടത്തുന്നത്. മറ്റ് വാഹനങ്ങൾക്ക് സൈഡ് നൽകുമ്പോൾ ചെമ്മണ്ണും കരിങ്കൽ ചീളുകളും റോഡിലേക്ക് ചിതറുന്നത് പതിവാണ്. ലോഡിന് മുകളിൽ പടുത മൂടണമെന്ന് നിർദേശമുണ്ടെങ്കിലും പാലിക്കാതെയാണ് ടിപ്പർ ലോറികൾ സർവീസ് നടത്തുന്നതെന്ന് നാട്ടുകാർ പറയുന്നു.

# വയോധികൻറെ മരണം സൂര്യാതപം മൂലമെന്നു പോസ്റ്റ്മോർട്ടം റിപ്പോർട്ട്

വണ്ണപ്പുറം: വഴിത്തർക്കത്തെത്തുടർന്നുണ്ടായ സംഘർഷത്തിനിടെ വീണ വയോധികൻ മരിച്ച സംഭവത്തിൽ മരണകാരണം സൂര്യാതപമാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. മുള്ളരിങ്ങാട് അമ്പലപ്പടി പേങ്ങൻകോളനിയിലെ പുത്തൻപുരയ്ക്കൽ സുരേന്ദ്രനാണ് (73) കഴിഞ്ഞ ദിവസം മരിച്ചത്. സംഭവത്തിൽ അയൽവാസിയായ കല്ലിങ്കൽ ദേവകി (62) യ്ക്കെതിരേ പോലീസ് കേസെടുത്തിരുന്നു. ഇരുവരും തമ്മിലുള്ള കൈയ്യാങ്കളിക്കിടെയാണ് സുരേന്ദ്രൻ വീണത്.

ബുധനാഴ്ച രാവിലെ പത്തോടെയായിരുന്നു സംഭവം. തനിച്ച് താമസിക്കുന്ന സുരേന്ദ്രൻ രാവിലെ ചായക്കടയിൽ പോയി ഭക്ഷണം കഴിച്ചശേഷം തിരികെ ഓട്ടോയിൽ വീട്ടിലേക്ക് വരികയായിരുന്നു. ഇതിനിടെ ദേവകി വാഹനം തടഞ്ഞു. ഇതുവഴി വാഹനങ്ങൾ പോകാനാകില്ലെന്നും സ്റ്റേറ്റ് മെമ്മോയുള്ളതാണെന്നും പറഞ്ഞാണ് ഇവർ വഴി തടഞ്ഞത്. ഇതേച്ചൊല്ലി സുരേന്ദ്രനും ദേവകിയും തമ്മിൽ തർക്കമുണ്ടായി.

വാക്കേറ്റം കൈയാങ്കളിയിലേക്ക് എത്തുകയും സുരേന്ദ്രൻ നിലത്തു വീഴുകയുമായിരുന്നു. രണ്ടു മണിക്കൂറോളം സുരേന്ദ്രൻ റോഡിൽ കിടന്നു. പിന്നീട് അയൽവാസികൾ വിവരമറിയിച്ചതിനെത്തുടർന്ന് വണ്ണപ്പുറം പഞ്ചായത്ത് പ്രസിഡൻറ് എം.എ. ബിജു സ്ഥലത്തെത്തി പോലീസിനെ വിളിച്ച് ആംബുലൻസ് എത്തിച്ചാണ് തൊടുപുഴ ജില്ലാ ആശുപത്രിയിലെത്തിച്ചത്.

അപ്പോഴേക്കും സുരേന്ദ്രൻ മരിച്ചിരുന്നു. സംഭവത്തിൽ പോലീസ് ദേവകിയെ അറസ്റ്റു ചെയ്തിട്ടില്ല. ഇവർ പോലീസ് നിരീക്ഷണത്തിൽ തുടരുകയാണ്.

# വീര്യം കുറഞ്ഞ മദ്യവിതരണം: സർക്കാർ പിൻമാറണമെന്ന് എകെസിസി കായൽ യൂണിറ്റ്

ആലപ്പുഴ: വീര്യം കുറഞ്ഞ മദ്യം വിതരണം ചെയ്യാനുള്ള തീരുമാനത്തിൽനിന്ന് സർക്കാർ പിൻമാറണമെന്ന് എകെസിസി കായൽ യൂണിറ്റ് യോഗം ആവശ്യപ്പെട്ടു.

മദ്യത്തിൻറെ ലഭ്യത വർധിക്കുന്നതോടെ കേരളം ഒരു മദ്യാലയമായി മാറും. വീര്യം കുറഞ്ഞ മദ്യം കേരളത്തിലുടനീളം ലഭ്യമാക്കാൻ വൻകിട വിദേശകമ്പനികളെകൂടി അനുവദിക്കുന്നതുവഴി കൗമാരക്കാരെയും സ്ത്രീകളെയും കൂടി വീര്യം കുറഞ്ഞ മദ്യം കുടിപ്പിച്ച് മദ്യാസക്തി വർധിപ്പിച്ച് കേരളത്തിൻറെ ക്രമസമാധാനവും കുടുംബസമാധാനവും നഷ്ടപ്പെടുത്താനുള്ള ശ്രമം തീർത്തും അപലപനീയമാണെന്ന് പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തു വികാരി ഫാ. അഗസ്റ്റിൻ പൊങ്ങനാംതടം പറഞ്ഞു.കേരളത്തെ മദ്യാലയം ആക്കി മാറ്റാനുള്ള സർക്കാരിൻറെ നടപടികൾക്കെതിരേ ശക്തമായ സമരം സംഘടിപ്പിക്കാനും യോഗത്തിൽ തീരുമാനമായി. കായൽപ്പുറം യൂണിറ്റ് പ്രസിഡൻറ് സോണിച്ചൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടോം ജോസഫ്, ട്രഷറർ സാബു കൊയിപ്പള്ളി, വൈസ് പ്രസിഡൻറ് സൂസമ്മ വെമ്പാടംതറ, നിഷ ജോസഫ് വാളൻപറമ്പിൽ, ജോസഫ് ജോസഫ് മാമ്പൂതറ, ജോസ് ആക്കാത്തറ, ലീന ജോഷി പറപ്പള്ളി എന്നിവർ പ്രസംഗിച്ചു.

# മോദിയെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് അയോഗ്യനാക്കണമെന്ന് ആവശ്യപ്പെട്ട് ഹർജി

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്ന് അയോഗ്യനാക്കണമെന്ന ആവശ്യവുമായി ഹർജി. അഭിഭാഷകനായ ആനന്ദ് എസ്. ജോൻധാലെയാണ് ഡൽഹി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. ഹിന്ദു, സിഖ് ദേവതകളുടേയും ആരാധനാലയങ്ങളുടേയും പേരിൽ മോദി ബി.ജെ.പിക്ക് വേണ്ടി വോട്ട് ചോദിച്ചുവെന്ന് ചൂണ്ടിക്കാട്ടിയാണ് ഹർജി.

ജനപ്രാതിനിധ്യ നിയമപ്രകാരം നരേന്ദ്ര മോദിയെ തിരഞ്ഞെടുപ്പുകളിൽ നിന്ന് ആറ് വർഷത്തേക്ക് അയോഗ്യനാക്കാൻ തിരഞ്ഞെടുപ്പ് കമ്മിഷനോട് നിർദേശിക്കണം എന്നാണ് ഹർജിയിലെ ആവശ്യം. കൂടാതെ ഇനി ആരാധനാലയങ്ങളുടേയും ദേവതകളുടേയും പേരിൽ വോട്ട് ചോദിക്കുന്നതിൽ നിന്ന് മോദിയെ വിലക്കണമെന്നും ഹർജിയിലൂടെ ആനന്ദ് ആവശ്യപ്പെട്ടു.

ഏപ്രിൽ ഒമ്പതിന് ഉത്തർപ്രദേശിൽ നരേന്ദ്ര മോദി നടത്തിയ പ്രസംഗം ചൂണ്ടിക്കാട്ടിയാണ് ഹർജി. മോദി ഹിന്ദു സിഖ് ദേവതകളുടേയും ആരാധനാലയങ്ങളുടേയും പേരിൽ വോട്ട് ചോദിക്കുക മാത്രമല്ല, പ്രതിപക്ഷ പാർട്ടികൾക്കെതിരെ മുസ്ലിങ്ങളെ പ്രീണിപ്പിക്കുന്നുവെന്ന പരാമർശവും നടത്തിയതായി ഹർജിയിൽ പറയുന്നു.

ലോക്സഭാ തിരഞ്ഞെടുപ്പ് അടുത്തുവരുന്നതിനാൽ മോദിക്കെതിരെ ഉടൻ നടപടിയെടുക്കണമെന്ന് ആനന്ദ് എസ്. ജോൻധാലെ ആവശ്യപ്പെട്ടു. നീതിയുക്തമായ തിരഞ്ഞെടുപ്പിന് ഇത് അനിവാര്യമാണെന്നും ഹർജിയിൽ പറയുന്നു.

'സർക്കാരിന്റെ വിമാനങ്ങളിലും ഹെലികോപ്റ്ററുകളിലും യത്ര ചെയ്താണ് രണ്ടാം പ്രതി (നരേന്ദ്ര മോദി) ഇന്ത്യയിലുടനീളം പെരുമാറ്റച്ചട്ടം ലംഘിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ നടത്തുന്നത്.' ഹർജിയിൽ ആരോപിച്ചു. നിയമമാർത്തകൾക്ക് മാത്രമായുള്ള ഓൺലൈൻ മാധ്യമം ലൈവ് ലോ ഡോട് ഇൻ ആണ് ഇക്കാര്യങ്ങൾ റിപ്പോർട്ട് ചെയ്തത്.

ജാതിയുടേയും മതത്തിന്റേയും പേരിൽ വോട്ടർമാർക്കിടയിൽ വിദ്വേഷം ജനിപ്പിക്കാൻ കഴിയുന്നതാണ് മോദിയുടെ പ്രസംഗങ്ങളെന്ന് ജോൻധാലെ പറഞ്ഞു. അതിനാൽ മാതൃകാ പെരുമാറ്റച്ചട്ടം അനുസരിച്ച് മോദിക്കെതിരെ നടപടിയെടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

നരേന്ദ്രമോദിക്കെതിരെ ഈ മാസം ആദ്യം ജോൻധാലെ തിരഞ്ഞെടുപ്പ് കമ്മിഷന് പരാതി നൽകിയിരുന്നു.

ഇന്ത്യൻ ശിക്ഷാ നിയമം 153 (എ) പ്രകാരം മോദിക്കെതിരെ കേസെടുക്കണമെന്നും ജനപ്രാതിനിധ്യനിയമപ്രകാരം മോദിയെ തിരഞ്ഞെടുപ്പിൽ നിന്ന് ആറ് വർഷത്തേക്ക് ഉടൻ അയോഗ്യനാക്കണമെന്നുമായിരുന്നു പരാതിയിലെ ആവശ്യം. എന്നാൽ ഈ പരാതിയിൽ കമ്മിഷന്റെ ഭാഗത്തുനിന്ന് ഇന്നുവരെ യാതൊരു നടപടിയുമുണ്ടായില്ല. തുടർന്നാണ് ജോൻധാലെ ഹൈക്കോടതിയെ സമീപിച്ചത്

# കേജ്‌രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി നീട്ടി ഡൽഹി കോടതി; ഹർജി നേരത്തെ പരിഗണിക്കില്ലെന്ന് സുപ്രീംകോടതി



ന്യൂഡൽഹി : ഡൽഹി മദ്യനയക്കേസിലെ അറസ്റ്റ് നടപടി ചോദ്യം ചെയ്തുള്ള ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്!രിവാളിന്റെ ഹർജിയിൽ താൽക്കാലിക ആശ്വാസമില്ല.

കേജ്‌രിവാളിന്റെ ഹർജി നേരത്തെ പരിഗണിക്കില്ലെന്ന് സുപ്രീംകോടതി വ്യക്തമാക്കി. അതേസമയം,കേജ്!രിവാളിന്റെ ജുഡീഷ്യൽ കസ്റ്റഡി ഡൽഹി റൗസ് അവന്യൂ കോടതി ഈ മാസം 23 വരെ നീട്ടി.

കേജ്!രിവാൾ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഉൾപ്പെടെ കക്ഷികൾക്ക് നോട്ടിസയച്ച ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബെഞ്ച്, ഹർജി 29നു പരിഗണിക്കാമെന്ന് വ്യക്തമാക്കി. തിരഞ്ഞെടുപ്പു പ്രചാരണത്തിന് ഇറങ്ങുന്നതിനെ ബാധിക്കുമെന്ന് കേജ്!രിവാളിന്റെ അഭിഭാഷകൻ അഭിഷേക് മനു സിങ്!വി വാദിച്ചെങ്കിലും ഇ.ഡി എതിർത്തു. ഹർജി നേരത്തെ പരിഗണിക്കണമെന്ന് സിങ്!വി അഭ്യർഥിച്ചെങ്കിലും അതും കോടതി അംഗീകരിച്ചില്ല.

ഇ.ഡി അറസ്റ്റ് ചെയ്തതിനെതിരെ കേജ്!രിവാൾ സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി തള്ളിയതിനു പിന്നാലെയാണ് കേജ്!രിവാൾ സുപ്രീംകോടതിയെ സമീപിച്ചത്. അറസ്റ്റും റിമാൻഡും നിയമപരമാണെന്നു നിരീക്ഷിച്ച ഡൽഹി ഹൈക്കോടതി കേജ്!രിവാളിനെതിരെ ഗൂഢാലോചനയ്ക്ക് തെളിവുണ്ടെന്നും വ്യക്തമാക്കിയിരുന്നു. കേജ്!രിവാളിനു മുഖ്യമന്ത്രിയെന്ന നിലയിലുള്ള പ്രത്യേക പരിഗണന നൽകാനാവില്ലെന്നും രാഷ്ട്രീയത്തിനല്ല, നിയമത്തിനാണ് കോടതിയുടെ പ്രഥമ പരിഗണനയെന്നുമായിരുന്നു ഡൽഹി ഹൈക്കോടതിയുടെ നിരീക്ഷണം.

# മൊബൈൽ ഫോൺ മോഷ്ടിച്ച സ്വകാര്യ ബാങ്ക് മാനേജർ പിടിയിൽ

കുമളി: കുമളി തേക്കടി ജംഗ്ഷനിലെ മൊബൈൽ ഷോപ്പിൽനിന്ന് ഒന്നര ലക്ഷത്തോളം രൂപ വിലയുള്ള രണ്ട് ഐഫോണുകൾ മോഷ്ടിച്ച തമിഴ്നാട് ട്രിച്ചി സ്വദേശിയെ തമിഴ്നാട്ടിലെത്തി കുമളി പോലീസ് പിടികൂടി. ട്രിച്ചിയിൽ സ്വകാര്യ ബാങ്ക് മാനേജരായ ദീപക് മനോഹർ (32) ആണ് പിടിയിലായത്.

ഞായറാഴ്ച തേക്കടി സന്ദർശനത്തിനെത്തിയ ഇയാൾ ഫോൺ വാങ്ങാനെന്ന വ്യാജേന കടയിലെത്തി ഫോണുകൾ മോഷ്ടിക്കുകയായിരുന്നു. മൊബൈൽ ഷോപ്പിലെ സിസിടിവിയിൽ ഇയാളുടെ ദൃശ്യം പതിഞ്ഞിരുന്നു.

മൊബൈൽ ഫോൺ ലൊക്കേഷൻ പിൻതുടർന്നുള്ള അന്വേഷണത്തിലാണ് പ്രതി കുടുങ്ങിയത്. കുമളി എസ്എച്ച്ഒ പി.എസ്. സുജിത്ത്, എസ്ഐ മാരായ പി.വി. ബിബിൻ, ജമാലുദീൻ, എഎസ്ഐ സുബൈർ, ആർ. ഷിജുമോൻ, സാദിഖ്, സലീൽ രവി എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ പീരുമേട് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

# ലോറൻസ് ബിഷ്ണോയി ഗ്യാങ്ങിലെ ഷൂട്ടറെ തീകൊളുത്തി കൊന്നു; മൃതദേഹ ഭാഗങ്ങൾ കാണാനില്ല

ചണ്ഡീഗഢ്: ലോറൻസ് ബിഷ്ണോയിയുടെ സംഘത്തിലെ ഷൂട്ടറെ വെന്തുമരിച്ച നിലയിൽ കണ്ടെത്തി. ഹരിയാണയിലെ യമുനാനഗർ ജില്ലയിൽ തിങ്കളാഴ്ച രാവിലെയാണ് നിരവധി അക്രമങ്ങളിൽ പ്രതിയായ അധോലോക സംഘാംഗം രാജന്റെ മൃതദേഹം കണ്ടെത്തിയത്. കൈകാലുകൾ കെട്ടിയിട്ട നിലയിലായിരുന്ന മൃതദേഹത്തിന്റെ നിരവധി ഭാഗങ്ങൾ നഷ്ടമായ നിലയിലായിരുന്നു.

ലഢ്വ സ്വദേശിയായ രാജൻ കുടുംബവുമായി അകന്നു കഴിയുകയാണെന്നാണ് വിവരം. വിവാഹിതനായ ഇയാൾക്ക് ഒരു കുട്ടിയുണ്ട്. രാജന്റെ ഒരു ബന്ധുവാണ് മൃതദേഹം തിരിച്ചറിഞ്ഞത്. കൊലപാതകത്തിനു പിന്നിലെ കാരണം വ്യക്തമല്ലെന്ന് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ പറഞ്ഞു.



# ഓസ്ട്രേലിയയിൽ നിന്നുള്ള ആദ്യ മലയാളം വെബ് സീരീസിന് തുടക്കമായി

കൊച്ചി: ഓസ്ട്രേലിയയിൽ നിന്നുള്ള ആദ്യ മലയാളം വെബ് സീരീസിന്റെ ചിത്രീകരണത്തിന് തുടക്കമായി. 'ഗോസ്റ്റ് പാരഡെയ്സ്' എന്ന വെബ്സീരീസിന്റെ രചനയും സംവിധാനവും നിർമാണവും ജോയ് കെ. മാത്യു ആണ്. ഓസ്ട്രേലിയൻ മലയാളം ഫിലിം ഇൻഡസ്ട്രിയുടെ ബാനറിൽ കങ്കാരു വിഷന്റെയും വേൾഡ് മദർ വിഷന്റേയും സഹകരണത്തോടെയാണ് വെബ് സീരീസ് പുറത്തിറക്കുന്നത്.

ഗോൾഡ് കോസ്റ്റ് നെരംഗ് റിവർ സ്പ്രിംഗ്സിൽ നടന്ന വെബ് സീരിസിന്റെ ചിത്രീകരണോദ്ഘാടനം നർത്തകിയും ടാനിയ സ്കിൻ കെയർ എം. ഡിയുമായ ഡോ. ചൈതന്യ നിർവഹിച്ചു. ഗോസ്റ്റ് പാരഡൈസ് ഫസ്റ്റ് ലുക്ക് പോസ്റ്റർ റീലീസ് ഓസ്ട്രേലിയൻ ചലച്ചിത്ര നടിമാരായ അലന, ഹെലൻ എന്നിവരും ചിത്രീകരണത്തിന്റെ സ്വിച്ച് ഓൺ കർമ്മം മാസ് ഫൈനാൻഷ്യൽ കൺസൽട്ടൻസി എം.ഡി. ഷീന അബ്ദുൾഖാദറും നിർവഹിച്ചു.

ജോയ് കെ. മാത്യു, ലോക ദേശീയ ഗാന സഹോദരിമാരായ ആഗ്നെസ് ജോയ് തെരേസ ജോയ്, ഛായാഗ്രാഹകൻ ആദം കെ. അന്തോണി, ഗോൾഡ് കോസ്റ്റ് ഫിലിം വർക്ക് ഷോപ്പ് കോഡിനേറ്റർ സി.പി. സാജു പ്രൊഡക്ഷൻ കോഡിനേറ്റർ മാർഷൽ ജോസഫ്, നടൻ ജോബിഷ് എന്നിവർ പ്രസംഗിച്ചു. ആഷ, റിജു, രമ്യ, മേരി, ഷാമോൻ, ശരൺ, ഇന്ദു, ജയലക്ഷ്മി, നിഷ, ടെസ്സ, ആൽവിൻ എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ഓസ്ട്രേലിയയിൽ ചലച്ചിത്രങ്ങളും ടെലിവിഷൻ പരിപാടികളും നിർമ്മിക്കാനും പ്രദർശിപ്പിക്കാനും ചലച്ചിത്ര മേളകളും ചലച്ചിത്ര കലാ പരിശീലനവും സംഘടിപ്പിക്കാനും ദൃശ്യപരിപാടികൾ പ്രക്ഷേപണം ചെയ്യാനും ലക്ഷ്യമിട്ട് നടനും എഴുത്തുകാരനും സംവിധായകനും നിർമ്മാതാവുമായ ജോയ് കെ. മാത്യു ആരംഭിച്ച ചലച്ചിത്ര നിർമ്മാണ വിതരണ കമ്പനിയാണ് ഓസ്ട്രേലിയൻ മലയാളം ഫിലിം ഇൻഡസ്ട്രി. ഓസ്ട്രേലിയൻ മലയാളികൾക്ക് വേണ്ടി ജോയ് കെ മാത്യുവിന്റെ നേതൃത്വത്തിൽ ക്വീൻസ്ലാൻഡിൽ വിവിധ സ്ഥലങ്ങളിൽ നടത്തുന്ന ചലച്ചിത്ര കലാ പരിശീലനത്തിൽ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവരേയും ഓസ്ട്രേലിയൻ ചലച്ചിത്ര ടെലിവിഷൻ മേഖലയിൽ പ്രവർത്തിക്കുന്നവരേയും മലയാള ചലച്ചിത്ര രംഗത്തെ നടീനടന്മാരേയും ഉൾപ്പെടുത്തിയാണ് 'ഗോസ്റ്റ് പാരഡെയ്സ് ' എന്ന വെബ് സീരീസ് നിർമ്മിക്കുന്നത്. ഓസ്ട്രേലിയയിലും കേരളത്തിലുമായാണ് ചിത്രീകരണം.

രസകരവും വ്യത്യസ്തവുമായ ജീവിതാനുഭവങ്ങളും കാഴ്ചകളുമാണ് നവംബർ ആദ്യം റിലീസ് ചെയ്യുന്ന വെബ് സീരീസായ ഗോസ്റ്റ് പാരഡെയ്സ് പ്രേക്ഷകർക്ക് സമ്മാനിക്കുന്നത്. ആദം കെ.അന്തോണി, സിദ്ധാർത്ഥൻ(ഛായാഗ്രഹണം),എലിസബത്ത്, ജന്നിഫർ,പോളിൻ (ചമയം ) മൈക്കിൾ മാത്സൺ (വസ്ത്രാലങ്കാരം )ഡോ.രേഖാ റാണി,സഞ്ജു സുകുമാരൻ (സംഗീതം),ഗീത് കാർത്തിക്, ജിജി ജയൻ, പൗലോസ് പുന്നോർപ്പിള്ളിൽ (കലാ സംവിധാനം),ലിൻസൺ റാഫേൽ (എഡിറ്റിങ്) ടി.ലാസർ (സൗണ്ട് ഡിസൈനർ)പ്രൊഡക്ഷൻ കൺട്രോളർ ക്ലെയർ, ജോസ് വരാപ്പുഴ, പി.ആർ.സുമേരൻ (പി.ആർ.ഒ) എന്നിവരാണ് അണിയറ പ്രവർത്തകർ.

# ഇറാൻ പിടിച്ചെടുത്ത കപ്പലിൽ മലയാളി യുവതിയും



കോട്ടയം: ഇറാൻ പിടിച്ചെടുത്ത കപ്പലിൽ ഒരു മലയാളി യുവതി കൂടി ഉൾപ്പെട്ടിട്ടുള്ളതായി കുടുംബം. തൃശ്ശൂർ സ്വദേശിനി ആൻ ടെസ ജോസഫും ഇസ്രയേലി ശതകോടീശ്വരന്റെ ചരക്കുകപ്പലിൽ ഉണ്ടായിരുന്നതായി പിതാവ് എബ്രഹാം പറഞ്ഞു. എന്നാൽ തന്റെ മകളുടെ പേര് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യ മന്ത്രിക്ക് അയച്ച കത്തിലുണ്ടായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ പിന്നീട് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് വിളിക്കുകയും മകളുടെ പേര് ഉൾപ്പെടുത്തിയതായി അറിയിക്കുകയും ചെയ്തുവെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇറാൻ പിടിച്ചെടുത്ത ഇസ്രയേലി ശതകോടീശ്വരന്റെ ചരക്കുകപ്പലിൽ കോഴിക്കോട് രാമനാട്ടുകര സ്വദേശിയായ ശ്യാംനാഥ് തേലംപറമ്പത്ത്, പാലക്കാട് കേരളശ്ശേരി വടശ്ശേരി സ്വദേശി സുമേഷ് (32), വയനാട് കാട്ടിക്കുളം പാൽവെളിച്ചം പൊറ്റെങ്ങോട്ട് പി.വി. ധനേഷ് എന്നീ മൂന്ന് മലയാളികളാണ് ഉൾപ്പെട്ടിരുന്നതെന്നായിരുന്നു പുറത്തുവന്ന വിവരം. എന്നാൽ തന്റെ മകളും കപ്പലിൽ ഉണ്ടെന്നും ഇക്കാര്യം ക!ൃത്യമായി കേന്ദ്രത്തെ അറിയിക്കാത്തതിൽ തനിക്ക് വിഷമമുള്ളതായും അദ്ദേഹം പറഞ്ഞു. സർക്കാർ തലത്തിൽ ഒരു വിവരവും ലഭിച്ചിട്ടില്ലെന്നും കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇടപ്പെടലുകൾ നടത്തണമെന്നും എബ്രഹാം ആവശ്യപ്പെട്ടു. ഇതോടെയാണ് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് ബന്ധപ്പെടുകയും വിവരങ്ങൾ ആരായുകയും ചെയ്തത്.

ട്രെയിനിങ്ങിന്റെ ഭാ?ഗമായി ഒൻപത് മാസമായി കപ്പലിൽ ജോലി ചെയ്തുവരികയായിരുന്നു ആൻ ടെസ. വെള്ളിയാഴ്ച രാത്രിയാണ് മാതപിതാക്കളുമായി അവസാനം സംസാരിച്ചത്. തുടർന്ന് യാതൊരു വിവരവും ലഭിക്കാതിരുന്നതിനെ തുടർന്ന് കമ്പനി അധികൃതരുമായി ബന്ധപ്പെടുകയായിരുന്നു. കമ്പനിയാണ് മകൾ സുരക്ഷിതയാണെന്നുള്ള വിവരം കുടുംബത്തെ അറിയിച്ചത്. മകളെ സുരക്ഷിതയാക്കി തിരികെയെത്തിക്കുന്നതിന് സർക്കാർ തലത്തിൽ നടപടിയുണ്ടാകണമെന്നും കുടുംബം ആവശ്യപ്പെട്ടു.

# അവസാന മത്സരത്തിൽ മുംബൈക്കെതിരേ ജയം; ഐഎസ്എൽ ഷീൽഡ്

കൊൽക്കത്ത: ഐഎസ്എൽ 202324 സീസണിലെ ലീഗ് വിന്നേഴ്സ് ഷീൽഡ് മോഹൻ ബഗാൻ സൂപ്പർ ജയന്റ്സിന്. അവസാന ലീഗ് മത്സരത്തിൽ രണ്ട് തവണ ഷീൽഡ് ജേതാക്കളായിട്ടുള്ള മുംബൈ സിറ്റിയെ ഒന്നിനെതിരേ രണ്ടു ഗോളുകൾക്ക് കീഴടക്കിയായിരുന്നു മോഹൻ ബഗാന്റെ നേട്ടം. ഇതാദ്യമായാണ് ബഗാൻ ലീഗ് വിന്നേഴ്സ് ഷീൽഡ് സ്വന്തമാക്കുന്നത്. ഇതോടെ ബഗാന് എ.എഫ്.സി. ചാമ്പ്യൻസ് ലീഗ് രണ്ടിന്റെ ഗ്രൂപ്പ് ഘട്ടത്തിലേക്ക് യോഗ്യത ലഭിച്ചു.

22 കളിയിൽനിന്ന് 15 ജയങ്ങളുമായി 48 പോയന്റോടെയാണ് ബഗാൻ ഒന്നാം സ്ഥാനത്ത് ഫിനിഷ് ചെയ്തത്. ഷീൽഡ് നിലനിർത്താൻ ഒരു സമനില മാത്രം മതിയായിരുന്ന മുംബൈക്ക് പക്ഷേ അതിന് സാധിച്ചില്ല. 22 കളികളിൽ നിന്ന് 47 പോയന്റോടെ ടീം രണ്ടാം സ്ഥാനത്തായി. 28ാം മിനിറ്റിൽ ലിസ്റ്റൺ കൊളാസോയും 80ാം മിനിറ്റിൽ ജാസൺ കമിൻസുമാണ് ബഗാനായി സ്കോർ ചെയ്തത്. മുംബൈയുടെ ആശ്വാസ ഗോൾ 89ാം മിനിറ്റിൽ ലാലിയൻസുവാല ചാങ്തേ നേടി.



# സാമ്പത്തിക ബാധ്യത: ചിട്ടി സ്ഥാപനത്തിലെ മാനേജർ ജീവനൊടുക്കി

തലയോലപ്പറമ്പ്: സ്വകാര്യ ചിട്ടി സ്ഥാപനത്തിലെ മാനേജരെ തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തി. തലയോലപറമ്പ് മാർക്കറ്റിനു സമീപത്തെ ജെൻറിൽമാൻ ചിറ്റ്സ് ഫണ്ടിലെ മാനേജർ തലയോലപ്പറമ്പ് അടിയം ശബരീശം ഭവനിൽ ടി.എസ്. ശ്യാമി(36)നെയാണ് നിലയിൽ കണ്ടെത്തിയത്. സാമ്പത്തിക ബാധ്യതയാണ് കാരണമെന്ന് പറയപ്പെടുന്നു.

തലയോലപ്പറമ്പിലെ ചിട്ടി സ്ഥാപനത്തിനു സമീപമാണ് ശ്യാമിൻറെ വീട്. സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ട് ശ്യാം ജോലിസ്ഥലത്തു കടുത്ത മാനസിക സമ്മർദ്ദത്തിലായിരുന്നെന്ന് ബന്ധുക്കളും സഹപ്രവർത്തകരും നാട്ടുകാരും ആരോപിക്കുന്നു. വെള്ളിയാഴ്ച രാത്രി ഭക്ഷണം കഴിച്ച് ഭാര്യക്കും കുട്ടിക്കുമൊപ്പം കിടന്നുറങ്ങിയതായിരുന്നു യുവാവ്.

ശനിയാഴ്ച രാവിലെ ഉണർന്ന ഭാര്യയാണ് ഭർത്താവിനെ വീടിനുള്ളിൽ തൂങ്ങിയ നിലയിൽ കണ്ടത്. ബന്ധുക്കളും സമീപവാസികളും ചേർന്ന് ഉടൻ വൈക്കം താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സ്ഥിരീകരിച്ചു. തലയോലപ്പറമ്പ് പോലിസ് സ്ഥലത്തെത്തി മേൽനടപടി സ്വീകരിച്ചു. ഭാര്യ: രഞ്ജു. മകൾ ദുർഗാലക്ഷ്മി. സംസ്കാരം നടത്തി.

# രാജ്യത്തെ മത രാഷ്ട്രമാക്കാൻ ശ്രമം: സി.എസ്.സുജാത

കൊടുങ്ങൂർ: ബിജെപിരാജ്യത്തെ മത രാഷ്ട്രമാക്കാനാണ് ശ്രമിക്കുന്നതെന്നും ബിജെപി വീണ്ടും ഭരണത്തിൽ വന്നാൽ സ്ത്രീകൾക്ക് ഭരണഘടന നൽകുന്ന സമത്വവും സ്വാതന്ത്ര്യവും അവകാശങ്ങളും ഇല്ലാതാകുമെന്നും മുൻ എംപി സി.എസ്. സുജാത.

കൊടുങ്ങൂർ കമ്യൂണിറ്റി ഹാളിൽ ഡോ. ടി.എം. തോമസ് ഐസക്കിൻറെ വിജയത്തിനായി എൽഡിഎഫ് നടത്തിയ വനിതാ സംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു സി.എസ്. സുജാത. വനിതസംഗമത്തിൽ ഡി. സേതുലക്ഷ്മി അധ്യക്ഷത വഹിച്ചു. ഡോ. ആൻസി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ജിജി നടുവത്താനി, ഹേമലത പ്രേംസാഗർ, ഗീത എസ്. പിള്ള, ര!ഞ്ജിനി ബേബി, സിന്ധു ചന്ദ്രൻ, ആനന്ദവല്ലി തു!ടങ്ങിയവർ പ്രസംഗിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# വികസനങ്ങൾ നോക്കി വിലയിരുത്തണം : എം .മുകേഷ്

കൊല്ലം: ജനങ്ങൾക്ക് വേണ്ടി ചെയ്തകാര്യങ്ങൾ നോക്കി തെരഞ്ഞെടുപ്പിൽ വിലയിരുത്തൽ നടത്തേണ്ടതുണ്ടെന്ന് കൊല്ലം പാർലമെൻറ് മണ്ഡലം എൽഡിഎഫ് സ്ഥാനാർഥി എം മുകേഷ്.

കൊല്ലം നിയമസഭാ മണ്ഡലത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇന്നലെ പര്യടനം നടത്തുകയായിരുന്നു അദ്ദേഹം. ചാറുകാട് ജനത വായനശാലയിൽ നിന്നാണ് ഇന്നലത്തെ സ്വീകരണ പരിപാടികൾ ആരംഭിച്ചത്.മന്ത്രിമാരായ കടന്നപ്പള്ളി രാമചന്ദ്രൻ, ജെ .ചിഞ്ചുറാണി എന്നിവർ സന്നിഹിതരായിരുന്നു.

വളരെ വർഷങ്ങളായി ഒരു കലാകാരനായി ഉപജീവനമാർഗം കൊണ്ടുപോകുന്ന ആളാണ് ഞാൻ. ഞങ്ങളുടെ നിയമസഭയിലെ മന്ത്രി കടന്നപ്പള്ളി, അദ്ദേഹം ഒരു കലാകാരനാണ് .നല്ലൊരു ഗായകനാണ്, ഒരു കലാകാരൻ എന്ന നിലയിൽ എനിക്ക് വളരെ സന്തോഷമുണ്ടെന്നും കടന്നപ്പള്ളിയുടെ സാന്നിധ്യത്തിന് നന്ദി അറിയിച്ചു മുകേഷ് പറഞ്ഞു.കഴിഞ്ഞ ഒന്നര മാസക്കാലമായിട്ട്

കൊല്ലത്തിൻറെ ഓരോ മൂക്കിനും മൂലയിലും പോയി മുഖധാവിൽ നോക്കി വോട്ട് അഭ്യർഥിക്കുകയാണ്. എല്ലായിടത്തും വലിയ ആവേശമാണെന്ന്.

പാവപ്പെട്ട മനുഷ്യന് വേണ്ട ഏറ്റവും നല്ല സ്കൂളുകൾ, പാലങ്ങൾ, സമുച്ചയങ്ങൾ, റോഡുകൾ, ആശുപത്രികൾ അങ്ങനെ പല പല സൗകര്യങ്ങൾ എൽഡിഎഫ് കൊണ്ടുവന്നു. അതു വെച്ച് വേണം നിങ്ങൾ വിലയിരുത്താനെന്നും മുകേഷ് പറഞ്ഞു.പത്ത് കൊല്ലത്തെ അബദ്ധം, അതിനി പറ്റരുത് എന്ന ഓർമപ്പെടുത്തൽ ആണ്.

മാധ്യമങ്ങൾ പറയുന്നു രണ്ടു കൊല്ലംകാരനും ഒരു തിരുവനന്തപുരംകാരനും തമ്മിൽ ആണ് മത്സരമെന്ന്.കൊല്ലത്തു ജനിച്ച ഏക സ്ഥാനാർഥി ഞാൻ മാത്രമാണ്. ബാക്കി രണ്ടു പേരും തിരുവനന്തപുരക്കാരാണ്. ചെറിയ കാര്യങ്ങളിൽ വരെ നമ്മൾ പറ്റിക്കപ്പെടുന്നുണ്ട്.

ഏഴര വർഷം മുൻപ് ഞാൻ ഇലക്ഷന് നിന്നപ്പോൾ എല്ലാവരും ചോദിച്ചു താങ്കൾ ഒരു കലാകാരൻ അല്ലേ സിനിമ നടൻ അല്ലേ എന്നൊക്കെ .അന്ന് ഞാൻ അതിനെ ചിരിച്ചു കൊണ്ട് നേരിട്ടു ഇന്ന് 1748 കോടിയുടെ വികസനം ഒരു മണ്ഡലത്തിൽ കൊണ്ടുവരാൻ സാധിച്ചു,. വികസനത്തിൽ മുമ്പിൽ നിൽക്കുന്ന അഞ്ചു മണ്ഡലങ്ങളിൽ ഒന്നാണ് നമ്മുടെ ഈ കൊല്ലമെന്നും അദ്ദേഹം പറഞ്ഞു.

## വീട്ടിൽ നിർത്തിയിട്ടിരുന്ന കാറിൻെറ മുൻ വശം കത്തി നശിച്ചു

ചവറ : വീട്ടുകാർ യാത്ര കഴിഞ്ഞ് വന്ന കാർ വീട്ടിലെ പോർച്ചിനുള്ളിൽ ഇട്ട് അൽപ്പ സമയത്തിനകം കാറിൻറെ മുൻ വശം കത്തി നശിച്ചു.പന്മന നെറ്റിയാട് കൊച്ചു തുണ്ടിൽ കബീറിൻറെ ഉടമസ്ഥതയിലുള്ള കാറാണ് കത്തിയത്. ഇന്നലെ വൈകുന്നേരം 5.30 ഓടെയായിരുന്നു കത്തിയത്.

കാർ കൊണ്ടിട്ട് പത്ത് മിനിട്ടിന് ശേഷം കാറിൽ നിന്നും തീയും പുകയും ഉയരുകയായിരുന്നു.ഇതു കണ്ട വീടിനോട് ചേർന്നുള്ള കടയിലെ ജീവനക്കാരൻ കാറിൽ നിന്നും പുക ഉയരുന്നത് കണ്ട് സമീപവാസികളെയും വീട്ടുകാരെയും ഉടൻ തന്നെ വിവരം അറിയിപ്പിച്ചു. സംഭവം അറിഞ്ഞ് ചവറ അഗ്നി സുരക്ഷാ സേന എത്തി നാട്ടുകാരുടെ സഹായത്തോടെ തീ അണയ്ക്കുകയായിരുന്നു. സ്റ്റിയറിങ്ങിൻറെ കുറച്ച് ഭാഗവും മുൻ വശത്തെ സീറ്റും കത്തി. ഷോർട്ട് സർക്യൂട്ടാണ് കാർ കത്താൻ കാരണമെന്നാണ് പ്രാഥമിക നിഗമനം

## സ്മാർട്ടാകാം വോട്ടർമാർ; വീട്ടിലെത്തും കൈപ്പുസ്തകം

പത്തനംതിട്ട: ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദാന അവകാശം വിനിയോഗിക്കുന്നതിനുള്ള വിവരങ്ങൾ ക്രോഡീകരിച്ച കൈപ്പുസ്തകങ്ങളുടെ വിതരണം തെരഞ്ഞടുപ്പ് വിഭാഗത്തിൻറെ നേതൃത്വത്തിൽ ജില്ലയിൽ ആരംഭിച്ചു.

കൈപുസ്തകവും വോട്ടർ ഇൻഫർമേഷൻ സ്ലിപ്പും ബൂത്ത് ലെവൽ ഓഫീസർമാർ മുഖേന വീടുകളിലെത്തിക്കുമെന്നു വരണാധികാരി കൂടിയായ ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ അറിയിച്ചു.

വോട്ടർ രജിസ്ട്രേഷൻ, വോട്ടുചെയ്യേണ്ട രീതി, ഭിന്നശേഷിമുതിർന്ന വോട്ടർമാർക്ക് ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ, വോട്ടുചെയ്യുന്നതിനായി തെരഞ്ഞടുപ്പ് കമ്മീഷൻ അംഗീകരിച്ച തിരിച്ചറിയൽ രേഖകളുടെ വിവരങ്ങൾ, സമ്മതിദായകരുടെ പ്രതിജ്ഞ, വെബ്സൈറ്റിലേക്കുള്ള ക്യുആർ കോഡ്, ഹെൽപ്പ്ലൈൻ നമ്പരുകൾ തുടങ്ങി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങളെല്ലാം കൈപ്പുസ്തകത്തിൽ അടങ്ങിയിട്ടുണ്ട്.

## ജലക്ഷാമത്തിനിടെ ആശ്വാസമായി വേനൽമഴ

പത്തനംതിട്ട: വേനൽമഴ ശക്തിപ്രാപിച്ചത് മലയോരത്തിന് ആശ്വാസമായി. കൊടുംചൂടിന് ആശ്വാസവുമായാണ് കഴിഞ്ഞ ദിവസങ്ങളിൽ മഴ ശക്തമായത്. ഇന്നലെയും ജില്ലയുടെ പല ഭാഗങ്ങളിലും മഴ ലഭിച്ചു. വൈകുന്നേരങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

മഴ പ്രതീക്ഷിച്ചിരുന്ന പ്രദേശങ്ങൾക്ക് ഇത് ഏറെ ആശ്വാസമായി. കുടിവെള്ള ക്ഷാമത്തിൻറെ പിടിയിലായിരുന്ന പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം എത്തിത്തുടങ്ങിയിട്ടുണ്ട്. മഴ വന്നതോടെ പകൽച്ചൂടിൻറെ കാഠിന്യവും കുറഞ്ഞു. കരിഞ്ഞുണങ്ങിയ കാർഷിക മേഖലയ്ക്കും മഴ ആശ്വാസമാണ്. വരും ദിവസങ്ങളിലും മഴ ലഭിക്കുമെന്നാണ് പ്രതീക്ഷ.

നദികളും തോടുകളും വറ്റിവരണ്ടിരുന്നു. വേനൽമഴ ജലസ്രോതസുകളിൽ വെള്ളം എത്തുമെന്ന പ്രതീക്ഷയുണ്ട്. ഇന്നലെ ലഭിച്ചത് കനത്ത മഴയായിരുന്നു.

## ഫേസ് ടു ഫേസ് കാന്പയിനു തുടക്കംകുറിച്ച് കെഎസ്‌യു

പത്തനംതിട്ട: യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണിയുടെ തെരഞ്ഞെടുപ്പ് വിജയത്തിനായി കെഎസ്‌യു പ്രവർത്തകർ രൂപീകരിച്ച വിദ്യാർഥി സ്ക്വാഡ് ഫേസ് ടു ഫേസ് കാമ്പയിന് പത്തനംതിട്ട നഗരത്തിൽ തുടക്കം കുറിച്ചു.

പൊതുസ്ഥലങ്ങളിൽ വോട്ടർമാരെ നേരിട്ട് കണ്ട് വോട്ട് അഭ്യർഥിക്കുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമാക്കുന്നത്. ഇന്നലെ രാവിലെ പത്തു മുതൽ പത്തനംതിട്ട നഗരത്തിലെ വിവിധ സ്ഥലങ്ങളിൽ ആൻറോ ആൻറണിയുടെ ചിത്രമുള്ള പ്ലക്കാർഡുമായി തുടങ്ങിയ കാമ്പയിൻ നഗരത്തിലെ എല്ലാ വോട്ടർമാരെയും കണ്ട ശേഷമാണ് അവസാനിപ്പിച്ചത്.

വരും ദിവസങ്ങളിൽ പാർലമെൻറ് മണ്ഡലത്തിൻറെ വിവിധ ഭാഗങ്ങളിൽ ഫേസ് ടു ഫേസ് കാമ്പയിനിംഗിൻറെ ഭാഗമായി കെഎസ്‌യു പ്രവർത്തകർ വോട്ടഭ്യർഥിക്കും. കെഎസ്യു ജില്ലാ പ്രസിഡൻറ് അലൻ ജിയോ മൈക്കിളിൻറെയും സംസ്ഥാന ജനറൽ സെക്രട്ടറി നിതിൻ മണക്കാട്ടുമണ്ണിലിൻറെയും നേതൃത്വത്തിൽ നടന്ന പ്രചാരണത്തിന് കെഎസ്‌യു മുൻ ജില്ലാ പ്രസിഡൻറ് അൻസർ മുഹമ്മദ്,

സംസ്ഥാന കൺവീനർ തൗഫീഖ് രാജൻ, ജില്ലാ വൈസ് പ്രസിഡൻറുമാരായ ബി.കെ. തദാഗത്, അനന്തഗോപൻ തോപ്പിൽ, ക്രിസ്റ്റോ അനിൽ കോശി, ജില്ലാ ജനറൽ സെക്രട്ടറിമാരായ മെബിൻ നിരവേൽ, ജോൺ കിഴക്കേതിൽ, റോഷൻ റോയി തോമസ്, ടോണി ഇട്ടി, ജോഷ്വാ ടി. വിജു, ചിന്നു മാത്യു, ജോബിൻ കെ. ജോസ്, ഫാത്തിമ തുടങ്ങിയവർ നേതൃത്വം നൽകി.

## കുടിവെള്ള വിതരണം താറുമാറായി

തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തേണ്ട കുടിവെള്ള വിതരണം പലയിടങ്ങളിലും താറുമാറായെന്ന് ആക്ഷേപം. തെരഞ്ഞെടുപ്പ് കാലമായതിനാൽ ഫണ്ട് വിനിയോഗത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് വിലക്കുകളുണ്ട്. ഇതോടൊപ്പം സാമ്പത്തിക പ്രതിസന്ധിയും തനതു ഫണ്ടിൻറെ അഭാവവും കാരണം സ്വന്തം നിലയിൽ കുടിവെള്ള വിതരണം നടത്താൻ പല തദ്ദേശസ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല.

ഇതിനിടെ പല ജലവിതരണ പദ്ധതികളുടെയും സ്രോതസുകൾ വറ്റിവരണ്ടതും ജലക്ഷാമം ഇരട്ടിയാക്കാൻ കാരണമായി. വെള്ളത്തിൻറെ കുറവു കാരണം പമ്പിംഗ് പലയിടത്തും തടസപ്പെട്ടിരിക്കുകയാണ്.

ജില്ലയൊട്ടാകെ രൂക്ഷമായ ജലവിതരണത്തിൽ പരാതികളേറെയാണ്. പഞ്ചായത്തു പ്രദേശങ്ങളിൽ കഴിയുന്നവരാണ് ഏറെ ബുദ്ധിമുട്ടിലായത്. വളരെ കുറച്ച് തദ്ദേശസ്ഥാപനങ്ങൾ മാത്രമേ ഇക്കുറി ജലവിതരണം തുടങ്ങിയിരുന്നുള്ളൂ. സ്വന്തം ജലവിതരണ പദ്ധതികൾ താറുമാറായിട്ടും ജലവിതരണത്തിന് സ്വന്തം നിലയിൽ പ്രവർത്തിക്കാൻ പഞ്ചായത്തുകൾ ശ്രമിച്ചിട്ടില്ലെന്ന ആക്ഷേപവുമുണ്ട്.

## കുളിർമയായി വേനൽമഴ : നെഞ്ചിടിപ്പോടെ നെൽകർഷകർ

ചങ്ങനാശേരി: നഗരത്തിലും സമീപ പ്രദേശങ്ങളിലും ഇന്നലെ കോരിച്ചൊരിഞ്ഞ മഴ വേനൽച്ചൂടിനു ആശ്വാസമായി. വൈകുന്നേരം ആറരയോടെയാണ് ഇളംകാറ്റോടെ മഴ പെയ്തത്. കൊ ടുംചൂടിൽ വേനൽമഴ കുളിർമയായെങ്കിലും വിഷു വിപണി പ്രതീക്ഷിച്ചിരുന്ന വ്യാപാരികൾക്ക് തിരിച്ചടിയായി.

മഴ പെയ്തതോടെ നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ അല്പസമയം വൈദ്യുതി ബന്ധവും നിലച്ചു. വസ്ത്രവ്യാപാരികളെയും പച്ചക്കറി, പലചരക്ക് വ്യാപാരശാലകളെയുമാണ് കൂടുതലായും മഴ നിരാശയിലാക്കിയത്. കനത്ത മഴയിൽ റോഡും ഓടയും നിറഞ്ഞ് വെള്ളം ഒഴുകിയത് കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും ദുരിതം സൃഷ്ടിച്ചു.

തിമിർത്തുപെയ്ത മഴ നെൽക്കർഷകരെ ആശങ്കയിലാക്കി. കുറിച്ചി മുട്ടത്തുകടവ് ഭാഗങ്ങളിലെ റോഡരികിൽ കൊയ്തുകൂട്ടി മൂടിയിട്ടിരിക്കുന്ന നെൽക്കൂമ്പാരങ്ങൾക്കു മുമ്പിൽനിന്ന് കർഷകർ വിലപിക്കുന്ന കാഴ്ച ആരുടെയും കരളലിയിക്കുന്നതായിരുന്നു. മില്ലുകാർ ആറുകിലോ കിഴിവ് ആവശ്യപ്പെട്ടതിനെത്തുടർന്ന് കൊയ്തുകൂട്ടിയ നെല്ലു കഴിഞ്ഞ പത്തുദിവസമായി റോഡരികിൽ കിടക്കുകയാണ്. ഇന്നലെയും ഇന്നും സർക്കാർ ഓഫീസുകൾക്ക് അവധിയായതും നെല്ലു സംഭരണവുമായി ബന്ധപ്പെട്ട നടപടികൾക്കു തടസം സൃഷ്ടിച്ചു.

ചങ്ങനാശേരി നഗരസഭ, പായിപ്പാട്, വാകത്താനം കൃഷിഭവൻ പരിധികളിലെ വിവിധ പാടശേഖരങ്ങളിൽ കൊയ്യാൻ പാകമായി നിൽക്കുന്ന നെല്ലിനും വേനൽമഴ ദോഷകരമാണെന്ന് കർഷകർ പറഞ്ഞു. നഗരസഭാ പരിധിയിൽ ഈ മാസം അവസാനത്തോടെ മാത്രമേ കൊയ്ത്ത് ആരംഭിക്കുകയുള്ളൂ.

# പ്രേമചന്ദ്രന് പുനലൂരിൽ ഉജ്വല സ്വീകരണം

കൊല്ലം: കൊല്ലത്തിൻറെ വികസന നായകൻ എൻ.കെ. പ്രേമചന്ദ്രൻ ഇതാ ഈ വാഹനത്തിൻറെ തൊട്ടുപിന്നാലെ... എന്ന് ഉച്ചഭാഷിണിയിൽ നിന്ന് ഘനഗംഭീര ശബ്ദം പുറത്തേക്ക് വന്നുകൊണ്ടിരുന്നു. വലിയ ആരവത്തോടുകൂടി കൊല്ലം പാർലമെൻറ് മണ്ഡലത്തിലെ ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥി എൻ.കെ. പ്രേമചന്ദ്രനും സംഘവും എത്തിച്ചേർന്നപ്പോഴേക്കും സമ്മതിദായകർ ചുറ്റും കൂടി. ഇന്നലത്തെ ചൂട് 36 ഡിഗ്രി സെൽഷ്യസിൽ പുനലൂർ തിളയ്ക്കുമ്പോഴും ആ ചൂടിനെ അവഗണിച്ചുകൊണ്ടാണ് പ്രവർത്തകരും വോട്ടർമാരും സ്ഥാനാർത്ഥിക്ക് അത്യുജ്ജ്വല സ്വീകരണം ഒരുക്കാനെത്തിയത്.വന്നുകൂടിയ ജനങ്ങൾക്ക് ആശങ്കകളില്ല, പരിഭവങ്ങളില്ല, മറിച്ച് തങ്ങളുടെ നാടിൻറെ വികസന കുതിപ്പിനുവേണ്ടി ശക്തനായ ഒരു പ്രതിനിധിയെ മാത്രം മതിയെന്ന ഉറച്ച വിശ്വാസമായിരുന്നു അവരുടെ മുഖത്ത് വിരിഞ്ഞത്.

പൈലറ്റ് പ്രാസംഗികർ നാട്ടിൽ പ്രേമചന്ദ്രൻ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ച് വാതോരാതെ, ഇടമുറിയാതെ സംസാരിക്കുന്നത് അക്ഷരാർഥത്തിൽ ശരിവച്ചുകൊണ്ടാണ് സമ്മതിദായകർ ഓരോ സ്വീകരണ പോയിൻറിലും തടിച്ചുകൂടി നിൽക്കുന്നത്. എല്ലായിടത്തും സ്ഥാനാർഥി പറയുന്നതുപോലെ കിഴക്കൻ മലയോരപ്രദേശമായ പുനലൂരും അദ്ദേഹം ആവർത്തിച്ചു.കൊല്ലം ലോക്സഭാ മണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങളും പാർലമെൻററിരംഗത്ത് നടത്തിയ ഇടപെടലുകളും ചുരുങ്ങിയ വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനുള്ളിൽ കോടിക്കണക്കിന് രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അംഗീകാരം നേടാൻ സാധിച്ചു.

വികസനോന്മുഖ രാഷ്ട്രീയത്തിന് കൊല്ലം എന്ന മുദ്രാവാക്യത്തിനാണ് കഴിഞ്ഞ അഞ്ച് വർഷവും കൊല്ലം പാർലമെൻറ് മണ്ഡലത്തിൻറെ പ്രതിനിധി എന്നുള്ള നിലയിൽ ഞാൻ മുന്നോട്ടുവച്ച മുദ്രാവാക്യം. അവയെല്ലാം നടപ്പാക്കിയെന്ന ചാരിതാർഥ്യം മുന്നോട്ടുവച്ചാണ് ഞാൻ തെരഞ്ഞെടുപ്പിനെ സമീപിക്കുന്നത്.വീണ്ടും വഹാനത്തിൽക്കയറി പ്രവർത്തകരെ കൈവീശിക്കാട്ടി അടുത്ത സ്വീകരണ പോയിൻറിലേക്ക്.സ്ഥാനാർഥിയോടൊപ്പം ഏരൂർ സുഭാഷ്, നാസർഖാൻ, അഡ്വ. കുളത്തൂപ്പുഴ സലീം, ഭാരതീപുരം ശശി, അഞ്ചൽ സോമൻ, അറയ്ക്കൽ ബാലകൃഷ്ണ പിള്ള, തോയിത്തല മോഹനൻ, നെൽസൺ സെബാസ്റ്റ്യൻ, ഉറുകുന്ന് ശശിധരൻ, സഞ്ജയ്ഖാൻ, ഇടവനശേരി സുരേന്ദ്രൻ, ജേക്കബ് മാത്യു, ജോസഫ് മാത്യു, വിജയകുമാർ, ലിജു ആലുവിള, കടയിൽ ബാബു, ജാസ്മിൻ മഞ്ജൂർ, ഷെരീഫ്, റിയാസ് ചിതറ, സേതുനാഥ്, ഏറം സന്തോഷ്, സക്കീർ ഹുസൈൻ, ഷെഫീക്ക്, അഗസ്ത്യക്കോട് രാധാകൃഷ്ണൻ, അഞ്ചൽ വിജയൻ തുടങ്ങിയവർ ഉണ്ടായിരുന്നു.

## തെരഞ്ഞെടുപ്പുകാലത്ത് ലഹരിവ്യാപനം തടയാൻ ഊർജിതമായി എക്സൈസും പോലീസും

ചങ്ങനാശേരി: തെരഞ്ഞെടുപ്പുകാലത്ത് ലഹരിവ്യാപനം തടയാൻ എക്സൈസും പോലീസും പരിശോധനകൾ കർശനമാക്കി. തെരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദേശപ്രകാരമാണ് പട്രോളിംഗും പരിശോധനയും കർശനമാക്കിയത്. ട്രെയിനുകൾ, ഇൻറർസ്റ്റേറ്റ് ടൂറിസ്റ്റ് ബസുകൾ, കെഎസ്ആർടിസി ബസുകൾ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് പരിശോധന കർശനമാക്കിയിരിക്കുന്നത്.

കഴിഞ്ഞദിവസം എക്സൈസും ആർപിഎഫും ചേർന്ന് കോട്ടയത്ത് ട്രെയിനിൽ നടത്തിയ പരിശോധനയിൽ കഞ്ചാവുമായി യുവതിയേയും യുവാവിനേയും അറസ്റ്റ് ചെയ്തിരുന്നു. എക്സൈസിൻറെ പ്രത്യേക സ്ക്വാഡാണ് പരിശോധനയ്ക്ക് നേതൃത്വം നൽകുന്നത്.

ട്രെയിനിലെ മുഴുവൻ ബോഗികളും പരിശോധിക്കുന്ന രീതിയാണ് സംഘം അവലംബിച്ചിരിക്കുന്നത്. അതിർത്തി കടന്നെത്തുന്ന ഇൻറർ സ്റ്റേറ്റ് ടൂറിസ്റ്റ്, കെഎസ്ആർടിസി ബസുകളിലും സംഘം പരിശോധന നടത്തുന്നുണ്ട്.

തൊഴിലാളി ക്യാമ്പുകൾ കേന്ദ്രീകരിച്ചും പരിശോധന

ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ കേന്ദ്രീകരിച്ചും എക്സൈസ്, പോലീസ് സംഘങ്ങളുടെ കൂട്ടായ പരിശോധന ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം പായിപ്പാട് മുണ്ടുകോട്ട കുരിശടി ഭാഗത്തുനിന്നും 31 ഗ്രാം ബ്രൗൺഷുഗറുമായി ഇതര സംസ്ഥാന തൊഴിലാളി അറസ്റ്റിലായിരുന്നു.

എംഡിഎംഎ, ബ്രൗൺ ഷുഗർ തുടങ്ങിയ മാരക രാസലഹരി വസ്തുക്കൾ വിപണനം ചെയ്യുന്ന സംഘങ്ങളെക്കുറിച്ച് അന്വേഷണ സംഘത്തിന് സൂചനകൾ ലഭിച്ചിട്ടുണ്ട്. ചങ്ങനാശേരി, പായിപ്പാട്, കറുകച്ചാൽ മേഖലകളിൽ വൻതോതിൽ നിരോധിത പുകയില ഉത്പന്നങ്ങൾ എത്തുന്നതായും സൂചനകളുമുണ്ട്.

ഇതേസമയം, മധ്യവേനൽ അവധിക്കാലത്ത് കളിക്കളങ്ങളിലും മൈതാനങ്ങളിലും കുട്ടികൾക്കും യുവാക്കൾക്കും ലഹരി വിൽക്കുന്നതിനുള്ള തയാറെടുപ്പുകളുമായി ചില ലഹരി മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നതായും സൂചനകളുണ്ട്.

## ആരെ പ്രധാനമന്ത്രിയാക്കാനാണ് പിണറായി ശ്രമിക്കുന്നതെന്ന് വ്യക്തമാക്കണം : എൻ. ശക്തൻ

തിരുവനന്തപുരം: നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള വർഗീയ ഫസിസ്റ്റ് സർക്കാരിനെ പുറത്താക്കാൻ കോൺഗ്രസും ഇന്ത്യ മുന്നണിയും ശ്രമിക്കുന്പോൾ ആരെ പ്രധാനമന്ത്രി ആക്കാനാണ് കോൺഗ്രസിനെ തോൽപ്പിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ ശ്രമിക്കുന്നതെന്ന് വ്യക്തമാക്കണമെന്ന് യുഡിഎഫ് തെരഞ്ഞെടുപ്പ് കമ്മറ്റി ജനറൽ കൺവീനർ എൻ. ശക്തൻ.

ശശി തരൂരിൻറെ കോവളം മണ്ഡലം പര്യടനം ഉദ്ഘാടനം ചെയ്തു കാഞ്ഞിരംകുളം ജംഗ്ഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പൗരത്വ നിയമം നടപ്പിലാക്കില്ലെന്നു പിണറായി പറയുന്നത് രാഷ്ട്രീയ തട്ടിപ്പാണെന്നും കേരള നിയമ സഭ ഏകകണ്ഠമായി പ്രമേയം പാസാക്കിയതിൽ പിണറായി വിജയന് പ്രത്യേകിച്ചൊരു പങ്കുമില്ലെന്നും യോഗത്തിൽ സംസാരിച്ച പി.കെ. ബഷിർ എംഎൽഎ പറഞ്ഞു.

## എസി റോഡ് നന്നായപ്പോൾ വേഗമേറി: ഒന്നാം പാലത്തിനു സമീപം വാഹനങ്ങളുടെ കൂട്ടയിടി

ചങ്ങനാശേരി: എസി റോഡ് നന്നായപ്പോൾ വാഹനങ്ങൾക്കു വേഗമേറി. എസി റോഡിൽ വാഹനങ്ങളുടെ കൂട്ടിയിടി. ഇന്നലെ വൈകുന്നേരം അഞ്ചിന് ഒന്നാംപാലത്തിനു സമീപമാണ് അപകടമുണ്ടായത്. പെരുന്ന ഭാഗത്തുനിന്നെത്തിയ ഇന്നോവ കാർ മുന്പിൽ പോകുകയായിരുന്ന ആൾട്ടോ കാറിൽ ഇടിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

ഇടിയുടെ ആഘാതത്തിൽ നിയന്ത്രണം നഷ്ടമായ ആൾട്ടോ കാർ റോഡരികിൽ പാർക്ക് ചെയ്തിരുന്ന മറ്റൊരു കാറിലും ഇടിച്ചു. പിന്നീട് നടപ്പാതയിലേക്ക് ഇടിച്ചുകയറിയാണ് ആൾട്ടോ കാർ നിന്നത്. അപകടത്തിൽ ആർക്കും കാര്യമായ പരിക്കുകളില്ല.

## തെള്ളിയൂർക്കാവ് വൃശ്ചികവാണിഭം: സ്വകാര്യഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിനു കൈമാറാൻ ഹൈക്കോടതി ഉത്തരവ്

കോഴഞ്ചേരി: തെള്ളിയൂർക്കാവ് ഭഗവതി ക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ വൃശ്ചിക വാണിഭത്തിൻറെ ഏറിയ പങ്കും നടക്കുന്ന സ്വകാര്യഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന് തിരികെ കൈമാറാൻ ഹൈക്കോടതി ഉത്തരവായി.

ക്ഷേത്രത്തിൻറെ കാണിക്കമണ്ഡപത്തോടു ചേർന്ന് വാണിഭം നടത്തുന്ന 40 സെൻറ് വസ്തു ദേവസ്വത്തിൻറെ പേരിൽക്കൂട്ടി നൽകാൻ മല്ലപ്പള്ളി തഹസീൽദാർക്കാണ് നിർദേശം നൽകിയത്. ജസ്റ്റീസുമാരായ അനിൽ കെ. നരേന്ദ്രൻ, ജി. ഗിരീഷ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിൻറേതാണ് ഉത്തരവ്.

1972ൽ തെള്ളിയൂർക്കാവ് ക്ഷേത്രം തിരുവതാംകൂർ ദേവസം ബോർഡ് ഏറ്റെടുത്ത അവസരത്തിൽ ക്ഷേത്രത്തിൻറെ വരുമാന സ്രോതസായി വൃശ്ചിക വാണിഭം നടത്തുന്ന ഭൂമി പരാമർശിച്ചിരുന്നു. റവന്യു രേഖകളിൽ ദേവസ്വം ഭൂമിയായിരുന്ന വസ്തു 1996ലാണ് ജി ആൻഡ് ജി ഫിനാൻസ് ഉടമ ഡി. ഗോപാലകൃഷ്ണൻ നായർ സ്വന്തം പേരിൽകൂട്ടിയതെന്ന് കോടതി കണ്ടെത്തി.

2007ൽ ജി. സതീഷ്കുമാർ പ്രസിഡൻറായുള്ള ക്ഷേത്ര ഉപദേശകസമിതി നൽകിയ കേസിന്മേലുണ്ടായ തുടർനടപടിയാണ് ഇപ്പോഴത്തെ കോടതി ഉത്തരവ്. രണ്ടു മാസത്തിനുള്ളിൽ റവന്യു രേഖയിൽ ദേവസ്വം ഭൂമി എന്ന് മാറ്റം വരുത്താനാണ് ഹൈക്കോടതി നിർദേശം.

## ബാങ്ക് ജീവനക്കാരനെ വധിക്കാൻ ശ്രമിച്ചു : 20 വർഷങ്ങൾക്കുശേഷം പ്രതി പിടിയിലായി

കാക്കനാട്: ബാങ്കിൽ കയറി ജീവനക്കാരനെ വധിക്കാൻ ശ്രമിച്ചശേഷം മുങ്ങിയ പ്രതിയെ 20 വർഷങ്ങൾക്ക് ശേഷം തൃക്കാക്കര പോലീസ് പിടികൂടി.

പുത്തൻകുരിശ് സ്വദേശി അനീഷ് (കണ്ണൻ49) ആണ് പോലീസിൻറെ പിടിയിലായത്.കാക്കനാട് കുന്നുംപുറത്ത് പ്രവർത്തിക്കുന്ന കാത്തലിക് സിറിയൻ ബാങ്കിൻറെ ബ്രാഞ്ചിൽ 2003ൽ ആയുധങ്ങളുമായി അതിക്രമിച്ചു കയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ച് കാഷ് കൗണ്ടറിലെ ജീവനക്കാരനെ വധിക്കാൻ ശ്രമിച്ച കുറ്റത്തിന് അനീഷിനെ 10 വർഷത്തെ തടവിന് കോടതി ശിക്ഷിച്ചിരുന്നു.

അനീഷിൻറെ അപ്പീൽ ഹൈക്കോടതി നിരസിച്ചിട്ടും കോടതി മുമ്പാകെ കീഴടങ്ങാതെ മുങ്ങി നടക്കുകയായിരുന്നു.

തൃക്കാക്കര പോലീസ് ഇൻസ്പെക്ടർ ക്ലീറ്റസ് ജോസഫിൻറെ നേതൃത്വത്തിൽ എഎസ്ഐ ഫ്രാൻസീസ് , എസ്സിപിഒമാരായ ഗിരീഷ്, ആണ്ടവൻ, സിപിഒ സുജിത് എന്നിവരുടെ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.